# മരുപ്പച്ച

സമകാലിക പത്രിക

MEMBER
NEWS PAPERS
ASSOCIATION OF INDIA

e-mail: maruppacha@yahoo.com

വാല്യം - 15 ലക്കം: 23 2011 ഡിസംബർ 05 www.maruppachapathram.com വില 4.00










*പെന്തെക്കോസ്തൽ പ്രസ് അസോസിയേഷന്റെ സാഹിത്യ പുരസ്കാരം തോമസ് വടക്കേക്കൂറ്റിൽ നിന്നും എൽ സാം ഏറ്റുവാങ്ങിയപ്പോൾ. പാസ്റ്റർ പോൾ മലയടി, പാസ്റ്റർ വി.റ്റി. ഏബ്രഹാം, ഫിന്നി പി മാത്യു, പാസ്റ്റർ പി.ജി. മാത്യു, സാംകുട്ടി ചാക്കോ, അച്ചൻകുഞ്ഞ് ഇലന്തൂർ എന്നിവർ സമീപം.*

## മുല്ലപ്പെരിയാർ

# ജനങ്ങളുടെ ജീവൻ സംരക്ഷിക്കണം: പെന്തെക്കോസ്തൽ പ്രസ് അസോസിയേഷൻ

**കുമ്പനാട്:** മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടകരമായ അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണണമെന്ന് പെന്തെക്കോസ്തൽ പ്രസ് അസോസിയേഷൻ സമ്മേളനം കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടു.

മുപ്പത്തിയഞ്ചുലക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും അപകടം സംഭവിച്ചേക്കാവുന്ന സ്ഥിതിയാണിപ്പോഴുള്ളത്. കേരള ജനത ആശങ്കയിലാണ്. ജനങ്ങളിൽ ഭീതി പരക്കുന്നു. രാഷ്ട്രീയത്തിനതീതമായി കേരള ജനത ഒരുമിച്ചു നില്ക്കണം. പുതിയ ഡാം നിർമ്മിക്കാൻ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാൻ കേന്ദ്രം നടപടി കൈക്കൊള്ളണം - പ്രസിഡന്റ് പാസ്റ്റർ പി.ജി. മാത്യൂസ് പറഞ്ഞു.

മുല്ലപ്പെരിയാർ സംരക്ഷണ സമിതിക്കു സമ്മേളനം ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

സാഹിത്യശില്പശാല സാഹിത്യഅക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ ഉത്ഘാടനം ചെയ്തു. "സ്നേഹത്തിന്റെ പൂർണത ക്രിസ്തുവിലാണ് കാണുന്നത്. ക്രിസ്തുവിനെപ്പോലെ മറ്റാരുമില്ല, അവിടുത്തെ പ്രവർത്തികൾക്കു തുല്യമായി ഒന്നുമില്ല. അവിടുന്നു മനുഷ്യവർഗത്തിനുവേണ്ടി യാഗമായിത്തീർന്നു. ഇത്രവലിയ ത്യാഗം മറ്റെവിടെയാണ് കാണുന്നത്?" അദ്ദേഹം പറഞ്ഞു.

ക്രിസ്തു ദർശനം ഉള്ള എഴുത്തുകൾക്ക് ലോകത്തിനു പരിവർത്തനം വരുത്താനാവും. ക്രിസ്തുവിന്റെ മനസ്സുള്ള എഴുത്തുകാർ ഉണ്ടാകണമെന്നദ്ദേഹം ആഹ്വാനം ചെയ്തു.

പാസ്റ്റർ പി. ജി. മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു. വിജോയ് സ്കറിയ, സാംകുട്ടി ചാക്കോ, സാജു മാത്യു, അച്ചൻകുഞ്ഞ് ഇലന്തൂർ, പാസ്റ്റർ സി.പി.മോനായി, ജോജി ഐപ്പ് മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

## വിമർശനം അതിർകടക്കുന്നു: റ്റി.എം. മാത്യു

**കുമ്പനാട്:** ക്രൈസ്തവ മാധ്യമങ്ങൾ പലതും വിമർശനത്തിന്റെ അതിർവരമ്പുകൾ ലംഘിക്കുന്നുയെന്നു ഗുഡ്ന്യൂസ് എഡിറ്റർ ഇൻ ചാർജ് റ്റി.എം. മാത്യു പറഞ്ഞു.

വ്യക്തികളുടെ സ്വകാര്യതകളിലേക്കുള്ള കടന്നുകയറ്റമാണ് ചില മാധ്യമങ്ങൾ നടത്തുന്നത്. ക്രൈസ്തവസാക്ഷ്യം നഷ്ടപ്പെടുത്തുന്ന പത്രപ്രവർത്തനം വഴിവിട്ടതാണ്.

സഭയെ തിരുത്തുവാനുള്ള ഉത്തരവാദിത്വം മാധ്യമങ്ങൾക്കുണ്ട്. നേതാക്കന്മാരുടെ മൗനം പലപ്പോഴും സഭയിൽ അപകടകരമായ പുതിയ പ്രവണതകൾ ഉണ്ടാക്കുന്നു. അദ്ദേഹം പറഞ്ഞു.

## പെന്തെക്കോസ്തലിസത്തെ നവീകരിക്കാൻ സമയമായി : ഡോ. ജോൺ കെ. മാത്യു

**കുമ്പനാട്:** ഒരു നൂറ്റാണ്ട് പിന്നിട്ട പെന്തെക്കോസ്തലിസത്തെ നവീകരിക്കാൻ സമയമായെന്നു ഡോ. ജോൺ കെ. മാത്യു പറഞ്ഞു. അടിസ്ഥാന ഉപദേശത്തിനു മാറ്റം വരുത്താതു തന്നെ തെറ്റായ പഠിപ്പിക്കലുകളും ശൈലികളും തിരുത്തേണ്ടതുണ്ട്. കാലത്തിനൊത്ത് സഞ്ചരിക്കുന്ന നേതൃത്വമാണുണ്ടാകേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പെന്തെക്കോസ്തൽ പ്രസ് അസോസിയേഷന്റെ ശില്പശാലയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. "ഒരു ഉണർവും ഒരു നൂറ്റാണ്ടിനപ്പുറം പോകാറില്ല. പെന്തെക്കോസ്ത് ഉണർവ്വിന്റെ ഫലമായി ഉണ്ടായ പ്രസ്ഥാനം ഇന്നു ആശയ പ്രതിസന്ധി നേരിടുകയാണ്. തെറ്റായ കീഴ്വഴക്കങ്ങൾ തിരുത്തിയേ മതിയാകൂ. പിതാക്കന്മാർ പഠിപ്പിച്ചതെല്ലാം ശരിയാണെന്നു കരുതേണ്ട. അവർ ചെയ്തു വന്നതു പോലെ നമ്മൾ പിൻതുടരണമെന്നു ശഠിക്കരുത്" അദ്ദേഹം അഭിപ്രായപ്പെട്ടു.

## കൊച്ചുപ്പാപ്പൻ

*മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതു വരെ രാഷ്ട്രീയക്കാരിൽ നിന്നും ജനങ്ങൾ അകന്നു കഴിയണം:*
**മാർ ക്രിസോസ്റ്റം**



**മുപ്പതുലക്ഷം ജനങ്ങളുടെ ജീവൻ കളഞ്ഞിട്ടു എനിക്കു മന്ത്രിസ്ഥാനം വേണ്ടായെന്നു പറഞ്ഞ പി.ജെ. ജോസഫിനെ ജനങ്ങളുടെ കൂടെ നിർത്തണം.**

# ആദിമ നൂറ്റാണ്ടിലെ സഭയുടെ അനുഭവത്തിലേക്ക് മടങ്ങണം: ഡോ. ടി.ജി. കോശി

**തിരുവല്ല:** സഭ ആദിമ നൂറ്റാണ്ടിലെ അനുഭവത്തിലേക്ക് മടങ്ങിവരണമെന്ന് ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് ഡോ. ടിജി. കോശി പ്രസ്താവിച്ചു. തിരുവല്ല ശാരോൻ സ്റ്റേഡിയത്തിൽ ആരംഭിച്ച ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അപ്പൊ. 1: 8 ആസ്പദമാക്കി പിതാവിന്റെ വാഗ്ദത്തത്തിനായി നാമും കാത്തിരിക്കണമെന്നും അനുസരണവും ഐക്യതയും പ്രാർത്ഥനയും ഉള്ള സഭയായി നാം മാറണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. വചന പഠനത്തിന് മുഖ്യസ്ഥാനം നൽകി ജനത്തെ ആത്മീക ആരാധനയിലേക്ക് നയിക്കണമെന്നുംഅദ്ദേഹം പറഞ്ഞു.




*ജനറൽ കൺവൻഷനിൽ സഭാപ്രസിഡന്റ് ഡോ. ടി.ജി. കോശി ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ ജോൺ തോമസ്, പി.ജി. ജേക്കബ്, റ്റി.പി. ഏബ്രഹാം, ബി. വർഗീസ് തുടങ്ങിയവർ സമീപം.*

പാസ്റ്റർ പിജി. ജേക്കബ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റേഴ്സ് നൈനാൻ ജോർജ്ജ്, ഏബ്രഹാം കുര്യൻ എന്നിവർ പ്രാർത്ഥിച്ചു. പാസ്റ്റർ കെ. ടി. തോമസ് സങ്കീർത്തനം വായിച്ചു. സഭാ പ്രസിഡന്റ് ഡോ. ടിജി. കോശി ഉദ്ഘാടനം ചെയ്തു. ഡോ. ബി. വർഗീസ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ യശ്വന്ത് കുമാർ, പാസ്റ്റർ പി. ജോയ്സൺ നാഗർകോവിൽ എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു. ശാരോൻ വോയ്സ് ഗാനങ്ങളാലപിച്ചു.

ചെയർമാൻ
ജോൺ വർഗീസ്

മാനേജിംഗ് എഡിറ്റർ
സ്റ്റാൻലി ജോർജ്ജ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഉമ്മൻ എബനേസർ

ഓവർസീസ് ഡയറക്ടർ
ഡോ. എം.എസ്. സാമുവൽ

റസിഡന്റ് എഡിറ്റർ
കുര്യാക്കോസ് തോട്ടത്തിൽ

അസോസിയേറ്റ് എഡിറ്റേഴ്സ്
വർഗീസ് മാത്യു
ചാർലീസ് മാത്യു
റെജി മൂലേടം
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ഫിന്നി ബെഞ്ചമിൻ വർഗീസ്
ഫിന്നി രാജു ഹൂസ്റ്റൺ
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു

യു. എസ്. ജനറൽ കോ-ഓർഡിനേറ്റർ
സാം പണിക്കർ

യു. കെ. ജനറൽ കോ-ഓർഡിനേറ്റർ
ജിജി ബറോഡ

യു.എ.ഇ. ജന. കോ-ഓർഡിനേറ്റർ
ജോൺ മത്തായി അതിരുങ്കൽ

ജോ. കോ-ഓർഡിനേറ്റർ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
കെ.റ്റി.ജോഷ്വ
ജോൺ കാട്ടുപറമ്പിൽ
രാജൻ ഏബ്രഹാം
ജോൺസൺ ജോർജ്ജ് ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 100 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള.
ഫോൺ : 0469-2634321
e-mail: maruppacha@yahoo.com

എഡിറ്റോറിയൽ

# ബേത്ലഹേമിലെ കാലിത്തൊഴുത്തിൽ.....

"ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്കുള്ള അടയാളമോ! ശീലകൾ ചുറ്റി പശുത്തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു. പെട്ടെന്നു സ്വർഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടുചേർന്ന് ദൈവത്തെ പുകഴ്ത്തി: അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" ദൈവപുത്രനായ ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി ലൂക്കോസ് ഇങ്ങനെയാണ് രേഖപ്പെടുത്തിയത്.

ലോകരക്ഷിതാവ് ബേത്ലഹേമിൽ ജനിച്ചതിന്റെ ഓർമ്മ ലോകമെങ്ങും ആഘോഷിക്കുന്നു. ജനന ദിവസത്തെപ്പറ്റി തർക്കമുണ്ടെങ്കിലും രക്ഷകന്റെ പിറവി സുവാർത്തയുടെ വിളംബരമാണ്.

യേശുവിന്റെ ജനനം ലോകചരിത്രത്തെ വ്യത്യസ്തമാക്കി. തിരുപ്പിറവി ലോകജനതയുടെ പ്രത്യാശയായി മാറി.

യെഹൂദൻ കാത്തിരുന്ന മശിഹ ബേത്ലഹേമിൽ ജനിച്ചിരിക്കുന്നു. ലോകം പ്രതീക്ഷിച്ചിരുന്ന വിമോചകൻ ദാവീദിന്റെ പട്ടണത്തിൽ പിറന്നു.

എന്താണ് തിരുപ്പിറവിയുടെ പൊരുൾ?

പാപിയായ മനുഷ്യനെ വീണ്ടെടുക്കാൻവേണ്ടി മനുഷ്യരൂപം പൂണ്ട ദൈവപുത്രനെയാണ് പുൽത്തൊട്ടിയിൽ കാണുന്നത്.

പാപികളും ദോഷികളുമായ മനുഷ്യവർഗത്തോടുള്ള ദൈവസ്നേഹത്തിന്റെ പ്രകാശനമാണ് തിരുപ്പിറവി.

യേശുക്രിസ്തു രക്ഷിതാവാണ്. മനുഷ്യനെ പാപത്തിൽ നിന്നും മോചിപ്പിക്കാൻ അവിടുന്നല്ലാതെ വേറൊരു രക്ഷകനില്ല.

ക്രിസ്തുവിനെ ഹൃദയത്തിൽ വാഴിക്കുന്നതാണ് അർത്ഥവത്തായ ക്രിസ്മസ്. ആഘോഷങ്ങൾക്കപ്പുറത്തായി ക്രിസ്തുവിനെ അനുഭവിച്ചറിയാൻ കഴിയണം. പുൽക്കൂടു കൂട്ടുമ്പോഴും പൂത്തിരി കത്തിക്കുമ്പോഴും ക്രിസ്തു ഹൃദയത്തിൽ ഉണ്ടോയെന്നു ഉള്ളിലേക്കു നോക്കുക.

മതങ്ങളിൽ എത്രയോ നല്ല സാരോപദേശങ്ങൾ ഉണ്ട്. തത്വചിന്താധിഷ്ഠിതമായ മതങ്ങളുണ്ട്. അഹിംസ പഠിപ്പിക്കുന്ന മതങ്ങളുണ്ട്. ആചാരാനുഷ്ഠാനങ്ങളിലൂടെ മോക്ഷപ്രാപ്തി ഉപദേശിക്കുന്ന മതങ്ങളുണ്ട്. സൽകർമ്മങ്ങൾക്ക് പ്രാധാന്യം നൽകുന്ന മതങ്ങളുണ്ട്. അവയിൽ നാസ്തിക-ആസ്തിക ദർശനങ്ങളുണ്ട്.

എല്ലാ മതങ്ങളും ചെന്നെത്തുന്നത് ഒരിടത്തേക്കാണെന്നു ചിലർ പറയാറുണ്ട്. അവരുടെ വാദഗതിയിൽ ചില ന്യായങ്ങളുമുണ്ട്. പക്ഷേ മതങ്ങളെല്ലാം ഒരുപോലെയല്ല പഠിപ്പിക്കുന്നത്. ഹിന്ദുമതവും ഇസ്ലാം മതവും തമ്മിൽ എന്തുബന്ധമാണുള്ളത്. ഏക ദൈവവിശ്വാസത്തിലധിഷ്ഠിതമായ യഹൂദ, ക്രൈസ്തവ ഇസ്ലാം മതങ്ങൾ തന്നെ ഒരേ ആത്മീയതയാണോ പറയുന്നത്?

ഹിന്ദുമതദർശനങ്ങൾ ഏകദൈവത്തിലോ ക്രിസ്തു എന്ന രക്ഷിതാവിലേക്കോ ചെന്നെത്തുന്നില്ല. വെളിച്ചത്തെപ്പറ്റിയുള്ള അന്വേഷണമുണ്ടവിടെ.

ക്രിസ്ത്യാനിത്വം പറയുന്ന രക്ഷയും ഹിന്ദുമതത്തിലെ മോക്ഷവും ഒന്നല്ല. പുനരുത്ഥാനത്തിനു പകരമാകുന്നില്ല പുനർജന്മം.

യഹൂദർ ഇന്നും മശിഹായ്ക്കുവേണ്ടി കാത്തിരിക്കുകയാണ്. അവരുടെ രക്ഷകൻ വന്നിട്ടില്ല. തിരുവെഴുത്തുകൾ പ്രകാരമുള്ള രക്ഷിതാവ് വരുമെന്നവർ പ്രത്യാശിക്കുന്നു. യഹൂദരെ സംബന്ധിച്ചിടത്തോളം യേശു വ്യാജ മശിഹയാണ്. തിരുവെഴുത്തുകൾ പറയുന്ന ദൈവപുത്രനല്ല. യേശു അവർക്ക് കള്ളപ്രവാചകനാണ്.

യേശുവിന്റെ ക്രൂശുമരണം ഇസ്ലാമിന് അംഗീകരിക്കാനാവില്ല. യേശുവിന്റെ രക്തം മനുഷ്യവർഗത്തിന്റെ പാപപരിഹാരമായെന്നു ഇസ്ലാം മതത്തിന് ഉൾക്കൊള്ളാനാവില്ല. അവർക്ക് യേശു പ്രവാചകനാണ്. രക്ഷകനോ ദൈവപുത്രനോ വീണ്ടെടുപ്പുകാരനോ അല്ല.

ഓരോ മതത്തിനും വ്യത്യസ്തമായ പഠിപ്പിക്കലുകളാണെന്നു പറയുന്നതാണ് സത്യം. വിശ്വാസങ്ങളിലും ചിന്തകളിലും സമാനതകൾ കണ്ടേക്കാം. പക്ഷേ മതങ്ങളുടെയെല്ലാം പൊരുൾ ഒന്നാണെന്നു പറയാനാവില്ല. എല്ലാ മതങ്ങളും ഒഴുകി എത്തുന്നതും ഒരിടത്തേക്കു തന്നെയല്ല.

ബേത്ലഹേമിലെ കാലിത്തൊഴുത്തിൽ കിടന്ന യേശുവിനെ ലോകരക്ഷിതാവായിട്ടാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്.

മനുഷ്യരെ പാപത്തിൽ നിന്നും വീണ്ടെടുക്കാനാണ് ദൈവപുത്രൻ ഭൂമിയിലേക്കുവന്നത്. എത്രയെത്ര യാഗങ്ങൾ കഴിച്ചിട്ടും അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് എന്നേക്കുമായി പ്രാപിക്കുവാൻ യഹൂദനു കഴിഞ്ഞില്ല.

ദുഷ്ടന്മാരെ നിഗ്രഹിക്കുവാൻ വന്ന അവതാരങ്ങളെപ്പറ്റി ഹിന്ദുമിത്തോളജിയിൽ പറയുന്നുണ്ട്. എന്നാൽ പാപികളുടെ വീണ്ടെടുപ്പിനായി അവതരിച്ച രക്ഷകനെപ്പറ്റി അവിടെ പരാമർശങ്ങളേയില്ല.

ദൈവപുത്രൻ വന്നത് മനുഷ്യരെ പാപത്തിൽ നിന്നു വീണ്ടെടുക്കാനാണ്.

ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ വന്നുയെന്നു ബൈബിൾ പഠിപ്പിക്കുന്നു. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് നഷ്ടമാക്കി.

പാപത്തിന്റെ ശമ്പളം മരണവും അതിനുശേഷം ന്യായവിധിയുമാണെന്ന് ബൈബിൾ പറയുന്നു. നിത്യപ്രത്യാശ നഷ്ടപ്പെട്ട മനുഷ്യനു നിത്യനാശം എന്ന ശിക്ഷാവിധി മാത്രം.

ദൈവപുത്രൻ അവതരിച്ചത് മനുഷ്യന്റെ പാപങ്ങളുടെ മോചനത്തിനായയാണ്.

അവിടുന്നു ക്രൂശിൽ മരിച്ചപ്പോൾ മരണത്തെ തോല്പിച്ചു. അവിടുത്തെ പാവനരക്തം പാപപരിഹാരബലിയായി. അവിടുത്തെ മരണം മൂലം മനുഷ്യവർഗത്തിനു ദൈവത്തോടു നിരപ്പു ലഭിച്ചു. "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിച്ചിരിക്കുന്നു".

അവിടുന്നു കല്ലറയെ വിട്ടു ഉയിർത്തെഴുന്നേറ്റപ്പോൾ മനുഷ്യവർഗത്തിനു ഉയിർപ്പിന്റെ പ്രത്യാശ ലഭിച്ചു. ഭാഗ്യകരമായ നിത്യത അവകാശമായി.

യേശുവിന്റെ തിരുപ്പിറവിക്കു തുല്യമായി ഒന്നുമില്ല. ഒരു മതാചാര്യനായിട്ടല്ല യേശുവിനെ കാണേണ്ടത്.

യേശുമാത്രമാണ് രക്ഷകൻ. അവിടുന്നു ദൈവപുത്രനാണ്. ദൈവമാണ്. വിശുദ്ധ പൗലോസ് പറയുന്നു: "സകലവും അവൻ മുഖാന്തിരവും അവനായും സൃഷ്ടിക്കപ്പെട്ടു. സകല സൃഷ്ടിക്കും മുമ്പേ ആദ്യ ജാതനാണ് അവൻ. അദൃശ്യനായ ദൈവത്തിന്റെ പ്രതീകമാണ് അവൻ!

ബേത്ലഹേമിലെ പുൽത്തൊട്ടിലിൽ കിടന്ന യേശു എന്ന രക്ഷകനെ കൂടാതെ ലോകത്തിന് എന്തു പ്രത്യാശ?

ആകാശങ്ങളിലെവിടെയോ ഇരിക്കുന്ന ഒരു ദൈവമല്ല യേശുക്രിസ്തു. അവിടുന്നു നമ്മുടെ ഹൃദയങ്ങളിൽ വാഴാനാഗ്രഹിക്കുന്നു. അവിടുന്നു ഇമ്മാനുവേലാണ് - ദൈവം നമ്മോടു കൂടെ.

മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല അവിടുന്നു വാഴുന്നത്; ഹൃദയങ്ങളിലാണ്. യേശുവേ അവിടുന്നെനിക്കുവേണ്ടി ഈ ഭൂമിയിൽ മനുഷ്യരൂപം പൂണ്ടുവന്നു. അവിടുത്തെ പരമയാഗത്താൽ എനിക്കു നിത്യനരകത്തിൽ നിന്നും മോചനം ലഭിച്ചു. അവിടുത്തെ മരണം എന്റെ പാപങ്ങൾക്കുവേണ്ടിയായിരുന്നു. ഇങ്ങനെ ഹൃദയം കൊണ്ടു വിശ്വസിക്കുമ്പോൾ തന്നെ യേശുവിനുവേണ്ടി ഹൃദയവാതിൽ തുറന്നിടുകയാണ്. ക്രിസ്തുവിൽ പുതിയ സൃഷ്ടിയാകുന്നു. പിന്നെ അവിടുന്നാണ് നമ്മുടെ കർത്താവ്.



ക്രിസ്തുവിനെ ഹൃദയത്തിൽ വാഴിക്കുന്നതാണ് അർത്ഥവത്തായ ക്രിസ്മസ്. ആഘോഷങ്ങൾക്കപ്പുറത്തായി ക്രിസ്തുവിനെ അനുഭവിച്ചറിയാൻ കഴിയണം. പുൽക്കൂടു കൂട്ടുമ്പോഴും പൂത്തിരി കത്തിക്കുമ്പോഴും ക്രിസ്തു ഹൃദയത്തിൽ ഉണ്ടോയെന്നു ഉള്ളിലേക്കു നോക്കുക.

രക്ഷകന്റെ പിറവിയെ ആഹ്ലാദത്തോടെ ഓർക്കാം. മദ്യപിച്ചും ലക്കുകെട്ടുമാകരുത് ക്രിസ്മസ് ആഘോഷിക്കുന്നത്.

ധന്യമായ ക്രിസ്മസ് ആശംസകൾ.

അച്ചൻകുഞ്ഞ് ഇലന്തൂർ





മരുപ്പച്ചയുടെ പുതിയ വെബ്സൈറ്റ് സന്ദർശിക്കുക
www.maruppachapathram.com

മരുപ്പച്ച
വെബ്സൈറ്റിൽ

മരുപ്പച്ച സൗജന്യമായി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. നിങ്ങൾ ലോകത്തിന്റെ എവിടെയാണെങ്കിലും എല്ലാ മാസവും 07, 22 തീയതികളിൽ മരുപ്പച്ച വായിക്കാം. സന്ദർശിക്കുക:

www.maruppachapathram.com

## ഒബാമയ്ക്ക് മുൾക്കിരീടം

# വാൾസ്ട്രീറ്റ് മൂവ്മെന്റ് തകരട്ടെ, ഹർത്താൽ വിജയിക്കട്ടെ!






ഉമ്മൻ എബനേസർ,
തുമ്പമൺ

ഈജിപ്റ്റിലും ഇതര ഗൾഫ് രാജ്യങ്ങളിലും ആവിർഭവിച്ച ജനമുന്നേറ്റങ്ങളേയും തെരുവു യുദ്ധങ്ങളേയും രണ്ട് കയ്യും അടിച്ചു പ്രോത്സാഹിപ്പിച്ച അമേരിക്കയ്ക്ക് ഇതാ കനത്ത തിരിച്ചടി. രണ്ടു മാസത്തിൽ അധികമായി, ലോകത്തിന്റെ തലസ്ഥാനം എന്നു വിശേഷിപ്പിക്കാവുന്ന, ന്യൂയോർക്ക് പട്ടണത്തിൽ മൻഹാട്ടനിലുള്ള സുക്കോട്ടി പാർക്കിലും പരിസര പ്രദേശങ്ങളിലുമായി തമ്പടിച്ചിരിക്കുന്ന വാൾസ്ട്രീറ്റ് പിടിച്ചടക്കൽ ജനമുന്നേറ്റത്തെ നിയന്ത്രിക്കുവാൻ പോലീസ് ഡിപ്പാർട്മെന്റ് പാടുപെടുകയാണ്.

പ്ലാസ്റ്റിക് ടെന്റുകൾ ഉണ്ടാക്കി, ഡ്രം അടിച്ചു ശബ്ദം ഉണ്ടാക്കി, മരം കോച്ചും തണുപ്പത്ത് പാർക്ക് വിടാതെ തടിച്ചു കൂടിയ സംഘത്തെ ഒറ്റ രാത്രി കൊണ്ട് പോലീസ് പാർക്കിൽ നിന്ന് പുറത്താക്കി. പാർക്കിൽ കിടക്കുന്നതിനോ, ഉറങ്ങുന്നതിനോ വിലക്കു കല്പിച്ചു കൊണ്ട് ഗവണ്മെന്റ് അറ്റോർണി കല്പന പുറപ്പെടുവിച്ചിരിക്കുകയാണ്. സമാധാനപരമായി സമരം ചെയ്യുന്ന വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ സംഘം വാൾസ്ട്രീറ്റിലേക്കുള്ള വഴി തടസ്സപ്പെടുത്തി എങ്കിലും പോലീസ് നിയന്ത്രണം ഏറ്റെടുക്കുകയായി. നൂറുകണക്കിന് ആളുകൾ മൻഹാട്ടനിൽ നിന്ന് പിരിഞ്ഞു പോകാതെ വർഗ്ഗ, വർണ്ണ, പാർട്ടി വ്യത്യാസം ഇല്ലാതെ സമരം ചെയ്യുകയാണ്. ഇതേ സമയം അമേരിക്കയുടെ വിവിധ പട്ടണങ്ങളിലേക്ക് ഇതു പോലെയുള്ള സമരം വ്യാപിച്ചിരിക്കുകയാണ്. കാലിഫോർണിയായിലെ ലോസാഞ്ചലസ്, ഓക്ക്ലന്റ്, അറ്റ്ലാന്റാ, ഡാളസ്, ഫിലദെൽഫിയ തുടങ്ങിയ പട്ടണങ്ങളിൽ വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ സംഘങ്ങൾ ആവേശത്തോടെ സമരവുമായി മുന്നേറുകയാണ്.

അമേരിക്കയുടെ ഇന്നത്തെ ദയനീയമായ സാമ്പത്തിക അവസ്ഥയിൽ ഭാരം അനുഭവിക്കുകയും കഷ്ടപ്പെടുകയും ചെയ്യുന്ന നല്ല ഒരു ജനവിഭാഗത്തിന്റെ പ്രതികരണമാണ് വാൾസ്ട്രീറ്റ് മൂവ്മെന്റ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഈ രാജ്യത്തിന്റെ സാമ്പത്തിക അരാജകത്വത്തിലേക്ക് നയിച്ചു എന്നു കരുതുന്നവരാണ് ഈ കൂട്ടർ. ഉയർന്ന വരുമാനം ഉണ്ടാക്കുന്നവരാണ് നല്ലൊരു ശതമാനം. വലിയ കമ്പനികളുടെ ഡിറക്ടേസിനും, എക്സിക്യൂട്ടീവ് ഓഫീസേഴ്സിനും ബോണസ് ലഭിക്കുന്നത് മില്ല്യൻ ഡോളറിന്റെ കണക്കിലാണ്. കോൺഗ്രസിനും വൈറ്റ് ഹൗസിനും ഈ രാജ്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിലേക്ക് നയിച്ചതിൽ പങ്കുണ്ടെന്ന് വിശ്വസിക്കുന്നവരാണ് ഇക്കൂട്ടർ. വലിയ ബാങ്കുകൾക്ക് ഇതിൽ കയ്യുണ്ട്. ഇറാക്ക അഫ്ഗാനിസ്ഥാൻ യുദ്ധം അമേരിക്കയെ സാമ്പത്തിക അസന്തുലിതാവസ്ഥയിലേക്ക് നയിക്കുക ഉണ്ടായി.




**അക്രമാസക്തമല്ല ഈ സമരം എന്നതാണ് ഈ മൂവ്മെന്റിന്റെ പ്രത്യേകത. വിപ്ലവരഹിതമായി, സമാധാനപരമായി പ്രകടനവും സമരവും ചെയ്യുന്ന ഇവർ പൊതുജനങ്ങൾക്ക് യാതൊരു അസൗകര്യവും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ഗവണ്മെന്റിന്റെയോ, രാജ്യത്തിന്റെയോ, പൊതുസ്വത്ത് നശിപ്പിക്കുവാൻ ഇക്കൂട്ടർക്ക് താല്പര്യമില്ല; പോലീസ് അതിന് അവരെ സമ്മതിക്കുകയും ഇല്ല.**




സമ്പന്ന രാജ്യമെന്ന് ഒരിക്കൽ അറിയപ്പെട്ട അമേരിക്കയിൽ ഇപ്പോൾ തൊഴിൽ ഇല്ലാത്തവരുടെ എണ്ണം ശരാശരി അമ്പതു ശതമാനത്തിൽ കൂടുതലാണ്. ബാങ്കിൽ നിന്ന് ലോൺ എടുത്തിട്ട് തിരിച്ചടയ്ക്കുവാൻ നിർവാഹമില്ലാതെ വീട് നഷ്ടപ്പെട്ടവർ ആയിരക്കണക്കിനാണ്. ഒരു കുടുംബത്തിൽ രണ്ടു പേർ ജോലി ചെയ്യുന്നുവെങ്കിൽ ഒരാളുടെ ജോലി എങ്കിലും നഷ്ടപ്പെട്ടിട്ടുണ്ട്. ഒന്നിലധികം വീടുള്ളവർ വായ്പ എടുത്ത് തിരികെ കൊടുക്കുവാൻ നിവർത്തിയില്ലാതെ വീട് ബാങ്കിനെ ഏല്പിച്ചവർ നിരവധിയാണ് .ഇതിൽ ധാരാളം മലയാളികളും ഉണ്ട് എന്നാണറിയുന്നത്. ഇപ്രകാരമുള്ള നിരവധി വിഷയങ്ങളാണ് അമേരിക്കയെ സാമ്പത്തിക അധഃപതനത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ പൊറുതി മുട്ടിയ ജനമാണ് വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ സമരവുമായി പൊതുരംഗത്ത് വന്നിരിക്കുന്നത്.

അക്രമാസക്തമല്ല ഈ സമരം എന്നതാണ് ഈ മൂവ്മെന്റിന്റെ പ്രത്യേകത. വിപ്ലവരഹിതമായി, സമാധാനപരമായി പ്രകടനവും സമരവും ചെയ്യുന്ന ഇവർ പൊതുജനങ്ങൾക്ക് യാതൊരു അസൗകര്യവും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ഗവണ്മെന്റിന്റെയോ, രാജ്യത്തിന്റെയോ, പൊതുസ്വത്ത് നശിപ്പിക്കുവാൻ ഇക്കൂട്ടർക്ക് താല്പര്യമില്ല; പോലീസ് അതിന് അവരെ സമ്മതിക്കുകയും ഇല്ല. പോലീസിന്റെ കനത്ത സുരക്ഷാവലയം ഭേദിച്ച് ഇക്കൂട്ടർക്ക് ഒന്നും തന്നെ ചെയ്യുവാൻ താല്പര്യമില്ലാ എന്നാണ് റിപ്പോർട്ട് ചെയ്യുന്നത്. ഏവർക്കും സമത്വം വിഭാവന ചെയ്യുന്ന ഈ മൂവ്മെന്റ് അമേരിക്കൻ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കുമോ? “വാൾസ്ട്രീറ്റ് മൂവ്മെന്റ് ന്യൂയോർക്ക് സിറ്റിയെക്കാൾ വലുതാണ്; ലോകത്തിലുള്ള മറ്റു രാജ്യങ്ങളിൽ നടക്കുന്ന ഏതൊരു സമരത്തേക്കാളും ഈ മൂവ്മെന്റ് വലുതാണ്; അമേരിക്കയേക്കാൾ വലുതാണ്. ഇതിനെ തല്ലിതകർക്കുവാൻ ആർക്കും സാദ്ധ്യമല്ല”- ഇതിന്റെ ഒരു വക്താവ് പ്രസ്താവിക്കുകയുണ്ടായി.

**സമ്പന്ന രാജ്യമെന്ന് ഒരിക്കൽ അറിയപ്പെട്ട അമേരിക്കയിൽ ഇപ്പോൾ തൊഴിൽ ഇല്ലാത്തവരുടെ എണ്ണം ശരാശരി അമ്പതു ശതമാനത്തിൽ കൂടുതലാണ്. ബാങ്കിൽ നിന്ന് ലോൺ എടുത്തിട്ട് തിരിച്ചടയ്ക്കുവാൻ നിർവാഹമില്ലാതെ വീട് നഷ്ടപ്പെട്ടവർ ആയിരക്കണക്കിനാണ്.**

ഏതു കാരണവും പറഞ്ഞ് സമരം നടത്തുകയും ഹർത്താലിന്റെ പേരിൽ ജനജീവിതം സ്തംഭിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സ്വന്തം നാടാണല്ലോ കേരളം. സദ്ദാം ഹുസൈൻ മരിച്ചു എന്നറിഞ്ഞ് ഹർത്താൽ ആചരിച്ച ഭൂലോകത്തിലെ ഏക സ്ഥലമാണ് കേരളം എന്നു കേൾക്കുമ്പോൾ മലയാളിക്ക് ലജ്ജ തോന്നുന്നില്ലെങ്കിൽ കഷ്ടം. പൊതുസ്വത്ത് തല്ലിത്തകർത്ത്, പോലീസിന്റെ തലയടിച്ച് പൊട്ടിച്ച് പൊതുജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിയുള്ള ഹർത്താൽ കൊണ്ട് കാര്യപ്രസക്തമായ മാറ്റങ്ങൾ സമൂഹത്തിൽ വരുത്തുവാൻ കഴിയുമോ?

## കുരിശുയുദ്ധങ്ങൾ: അനിവാര്യതയും, അസ്വാഭാവികതയും



**എ.ഡി. 1096-ൽ ലക്ഷങ്ങൾ ഉൾപ്പെടുന്ന വലിയ പുരുഷാരം വിശുദ്ധനാടിന്റെ മോചനം ലാക്കാക്കി യെരുശലേം ലക്ഷ്യമാക്കി പുറപ്പെട്ടു. ഇതാണ് ഒന്നാമത്തെ കുരിശുയുദ്ധം (Knights Crusade) എന്ന് ഇത് വിശേഷിപ്പിക്കപ്പെടുന്നു. പക്ഷേ പാവം ജനം അസംഘടിതരും, യുദ്ധകാര്യത്തിൽ അശിക്ഷിതരും ആയിരുന്നു. തൽഫലമായി അനേകർക്കു ലക്ഷ്യസ്ഥാനത്തെത്തുവാൻ പോലും കഴിഞ്ഞില്ല.**



റവ. ഡോ. റ്റി.പി. എബ്രഹാം

# കുരിശുയുദ്ധങ്ങൾ ഒരു തിരിഞ്ഞുനോട്ടം

**വ്യാ**പകമായ സുവിശേഷ ഘോഷണം, സഭയും രാഷ്ട്രവും തമ്മിലുണ്ടായ വേഴ്ചകൾ, തന്മൂലം സംജാതമായ നന്മതിന്മകൾ, ക്രിസ്തു വിജ്ഞാനീയം സംബന്ധിച്ച വിവാദങ്ങളുടെ കലാശക്കൊട്ട്, ഫോട്ടിയസ് മതഭിന്നത, സഭാപിളർപ്പ് എന്നിവ സഭാചരിത്രത്തിന്റെ ഭാഗമായിത്തീർന്നപ്പോഴേക്കും സഭ പതിനൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ ഉമ്മറപ്പടിയിൽ എത്തിയിരുന്നു.

ഈ നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ ആരംഭിച്ച് ഏതാണ്ടു രണ്ടു നൂറ്റാണ്ടുകൾ (എ.ഡി.1095-1291) ഇടവിട്ടു തുടർന്ന കുരിശു യുദ്ധങ്ങൾ പലവിധ കാരണങ്ങളാൽ ആവിർഭവിച്ചതാണ്. തുർക്കികളിൽ നിന്നുണ്ടായ ആക്രമണത്താൽ ബൈസാന്റിയൻ സാമ്രാജ്യം വളരെയധികമായി വിഷമിച്ച കാലമായിരുന്നു അത്. എ.ഡി. 1071-ൽ സെലൂഷ്യൻ തുർക്കികൾ (Seljuk Turks) യരുശലേം കീഴ്പ്പെടുത്തി. ഇതു ക്രൈസ്തവ തീർത്ഥാടനത്തിനു ഏറ്റ കനത്ത പ്രഹരമായിരുന്നു. അങ്ങനെ സ്വൈര്യ ജീവിതവും അസാദ്ധ്യമായി. ക്രൈസ്തവ ദേവാലങ്ങൾ ആക്രമണത്തിന് ഇരകളുമായി. പാശ്ചാത്യ-പൗരസ്ത്യ സഭാ പിളർപ്പും തീർത്ഥാടനത്തിനു സഹായകമായിരുന്നില്ല. പുണ്യസ്ഥലങ്ങൾ വീണ്ടെടുക്കേണ്ടത് അനിവാര്യമെന്ന ബോധ്യം അക്കാലത്തു പലർക്കും ഉണ്ടായി. ഈ അവബോധത്തോടൊപ്പം മറ്റു പല കാരണങ്ങളും കുരിശുയുദ്ധങ്ങൾക്കു ഹേതുഭൂതമായി തീർന്നിട്ടുണ്ട്. ബൈസാന്റിയൻ (പൗരസ്ത്യം) ചക്രവർത്തിയായ അലക്സിയസ് കോംനേനസ് തുർക്കികളെ എതിരിടുന്നതിനായി അർബൻ രണ്ടാമൻ (എ.ഡി.1088-1099) പാപ്പായോടു സഹായം അഭ്യർത്ഥിച്ചുവെന്നത് ഇവിടെ ഓർത്തിരിക്കേണ്ടതാണ്. കൂടാതെ യൂറോപ്യൻ പ്രഭുക്കന്മാരുടെ പോരാട്ടങ്ങൾ, പൗരസ്ത്യദേശവുമായുള്ള വാണിജ്യ ബന്ധം തുറക്കേണ്ടതിന്റെ ആവശ്യകത, അക്കാലത്തുണ്ടായ ക്ഷാമാവസ്ഥ തുടങ്ങിയവയും കുരിശുയുദ്ധങ്ങൾ അനിവാര്യമാക്കിത്തീർത്തുവെന്നു കാണുന്നു. 'കുരിശ്' എന്നർത്ഥമുള്ള 'ക്രക്സ്' (Crux) എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് 'ക്രോസ്' (Cross) എന്ന ഇംഗ്ലീഷ് വാക്ക് ഉത്ഭവിച്ചിട്ടുള്ളത്. പ്രസ്തുത യുദ്ധങ്ങൾക്കു പോയവർ തങ്ങളുടെ നെഞ്ചത്തും, വലത്തുതോളിലും കുരിശിന്റെ ചിഹ്നം വഹിച്ചിരുന്നു. ഇക്കാരണത്താൽ ഈ യുദ്ധങ്ങൾ കുരിശു യുദ്ധങ്ങൾ എന്നപേരിൽ അറിയപ്പെടുന്നു. മുഖ്യമായ കുരിശു യുദ്ധങ്ങളുടെ ചരിത്രം മാത്രം ഇവിടെ അനാവരണം ചെയ്യാം.

**ഒന്നാമത്തെ കുരിശുയുദ്ധം എ.ഡി. 1096-1099**

എ.ഡി. 1095-ൽ ഫ്രാൻസിൽ ക്ലേർമോണ്ട് എന്ന സ്ഥലത്ത് അർബൻ രണ്ടാമൻ പാപ്പാ ഒരു സമ്മേളനം വിളിച്ചുകൂട്ടി. തുർക്കികളെ വിശുദ്ധ നാട്ടിൽനിന്നു ഓടിക്കേണ്ടത് ആവശ്യമെന്നു അറിയിച്ചു സമ്മേളനത്തിൽ പാപ്പാ ചെയ്ത പ്രസംഗത്തിന്റെ ചുരുക്കം താഴെ കൊടുക്കുന്നു.

*"സോദരരെ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. നിന്റെ സഹോദരങ്ങളെ വധിക്കുന്നതിൽ നിന്നു നിങ്ങളുടെ കൊല്ലുന്ന കരങ്ങൾ മാറ്റുക. വിശ്വാസത്തിന്റെ പടയാളികളായി വിദേശ രാജ്യങ്ങൾക്ക് എതിരായി നിങ്ങളുടെ കൈകളെ തിരിക്കുക; യേശുക്രിസ്തുവാകുന്ന നായകന്റെ നേതൃത്വത്തിൽ, ഒരു ക്രൈസ്തവ സൈന്യം എന്നതുപോൽ, അദൃശ്യമായ സൈന്യം എന്ന കണക്കെ, പഴയ യിസ്രായേല്യരേക്കാൾ മെച്ചമായി, നിങ്ങളുടെ യെരുശലേമിനുവേണ്ടി യുദ്ധം ചെയ്യുക. ജബൂസിയരെക്കാൾ മേച്ഛരായ അവിടത്തെ തുർക്കികളെ ആക്രമിച്ച് തുരത്തുക... നിങ്ങളുടെ ശത്രുക്കളുടെ സമ്പത്ത് നിങ്ങളുടേതായിരുക്കും; അവരുടെ സ്വത്തുകൾ കൊള്ളയടിക്കുക; ഒന്നുകിൽ നിങ്ങൾ വിജയികളായി ഭവനങ്ങളിലേക്ക് മടങ്ങും; അല്ലെങ്കിൽ നിങ്ങളുടെ രക്തത്താൽ ശോണിതരായി അനശ്വരപ്രതിഫലം നേടും... ജീവിതം ഹ്രസ്വമാണ്, മങ്ങലേല്ക്കാത്ത കിരീടം പ്രദാനം ചെയ്യുന്ന പ്രവൃത്തി ലഘുവാണ്..... ആകയാൽ സ്ത്രീകളുടെ അഥവാ നിങ്ങളുടെ തന്നെ കാര്യങ്ങളുടെ അത്യാകർഷണങ്ങളാൽ നിങ്ങൾ മാർദ്ദവപ്പെട്ടുകൂടാ; അങ്ങനെ പോകുന്നതിൽ നിന്നു തടയപ്പെടരുത്; നിങ്ങൾക്കു സഹിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ നിങ്ങളെ നിരുത്സാഹപ്പെടുത്തുകയും അരുത്.... നമ്മുടെ കടമ പ്രാർത്ഥിക്കുക എന്നതാണ്; അമാലേക്യർക്കെതിരായി ആയുധങ്ങൾ എടുക്കുകയാണ് നിങ്ങളുടെ കർത്തവ്യം. മോശയെപ്പോലെ നാം സ്വർഗത്തിലേക്കു ക്ഷീണിക്കാതെ കരങ്ങളെ ഉയർത്തും; ധീരയോദ്ധാക്കളായ നിങ്ങൾ അമാലേക്കിനു വിരുദ്ധമായി ആയുധം എടുത്ത് ഉപയോഗിക്കുക."*

യെരുശലേമിന്റെ മോചനം ആയിരുന്നു പ്രസംഗത്തിന്റെ ഉദ്ദേശ്യം. പീറ്റർ എന്ന ഒരു സന്യാസിയുടെ പ്രസംഗപര്യടനങ്ങൾ അനേകരെ ആവേശം കൊള്ളിക്കുവാൻ പര്യാപ്തമായിരുന്നു. തുർക്കികളുടെ ആക്രമണത്തിൽ പൗരസ്ത്യ ദേശത്തെ ജനതയ്ക്കുണ്ടായ യാതനകളും, ലത്തീൻ പാശ്ചാത്യദേശത്തുനിന്നുമുണ്ടായ തീർത്ഥാടകർക്കു നേരിടേണ്ടിവന്ന കഷ്ടപ്പാടുകളും എല്ലാം അന്നത്തെ പ്രസംഗ വിഷയങ്ങളായിരുന്നു.[2] ക്ളേർമോണ്ട് സമ്മേളനത്തിന്റെ തീരുമാനങ്ങളിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ഒന്ന്, കുരിശുയുദ്ധത്തിൽ പങ്കെടുക്കുന്നവരുടെ വസ്തുവകകൾ ദൈവിക സമാധാനത്തിന്റെ പരിരക്ഷയിൽ ആയിരിക്കും. രണ്ട്, പ്രശസ്തി, ലാഭേച്ഛ എന്നതിനു പകരം ഭക്തി, ക്രിസ്തുവിന്റെ ശവകുടീരത്തിന്റെ വിമോചനം എന്നിവയ്ക്കായി യെരുശലേമിലേക്കു പോകുന്നവരുടെ യാത്ര പ്രായശ്ചിത്തത്തിനു പകരമായി കണക്കാക്കും.[3] ഇപ്രകാരം ജനത്തെ പ്രലോഭിപ്പിച്ചു യുദ്ധത്തിന് അയപ്പാനുള്ള പരിശ്രമങ്ങൾ ഉണ്ടായി. ഉദാഹരണമായി പറഞ്ഞാൽ പ്രായശ്ചിത്തം കൂടാതെയുള്ള ക്ഷമ യുദ്ധത്തിൽ വീരചരമം പ്രാപിക്കുന്നവർക്കു ശീഘ്രത്തിൽ ഉള്ള സ്വർഗപ്രവേശം, യുദ്ധകാലത്തു ലഭിക്കുന്ന കൊള്ളമുതലുകളുടെ അവകാശം എന്നിപ്രകാരം ജനഹൃദയത്തെ വശീകരിപ്പാൻ ഉതകുന്ന നിരവധി വാഗ്ദാനങ്ങൾ ആണ് ഒന്നിനുപുറകെ ഒന്നായി അക്കാലത്തു ജനത്തിനു നല്കിയത്. ഇവയിൽ ആകൃഷ്ടരായ ജനം, 'ദൈവം ഇത് (യുദ്ധം) ആഗ്രഹിക്കുന്നുവെന്ന്' (Deus Vult=God wills it) അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടു യുദ്ധത്തിനു പോകുവാനുള്ള അവരുടെ സന്നദ്ധത പ്രകടമാക്കി. എ.ഡി. 1096-ൽ ലക്ഷങ്ങൾ ഉൾപ്പെടുന്ന വലിയ പുരുഷാരം വിശുദ്ധനാടിന്റെ മോചനം ലാക്കാക്കി യെരുശലേം ലക്ഷ്യമാക്കി പുറപ്പെട്ടു. ഇതാണ് ഒന്നാമത്തെ കുരിശുയുദ്ധം (Knights Crusade) എന്ന് ഇത് വിശേഷിപ്പിക്കപ്പെടുന്നു.[4] പക്ഷേ പാവം ജനം അസംഘടിതരും, യുദ്ധകാര്യത്തിൽ അശിക്ഷിതരും ആയിരുന്നു. തൽഫലമായി അനേകർക്കു ലക്ഷ്യസ്ഥാനത്തെത്തുവാൻ പോലും കഴിഞ്ഞില്ല. പീറ്ററുടെ നേതൃത്വത്തിൽ പുറപ്പെട്ട ജനത്തെ തുർക്കികൾ പരാജിതരാക്കിയെങ്കിലും, ഫ്യൂഡൽ പ്രഭുക്കന്മാർ നയിച്ചവർ തുർക്കികളെ തോല്പിച്ചു. എ.ഡി. 1097-ൽ നിഖ്യ പിടിച്ചടക്കി. യെരുശലേം തിരികെപിടിക്കുവാൻ എ.ഡി. 1099-ൽ അവർക്കു കഴിഞ്ഞു. പലസ്തീൻ, അന്ത്യോക്യ, സിറിയയുടെ തീരപ്രദേശങ്ങൾ എന്നിവ അവരുടെ കൈവശത്തിലായി. നിരവധി ലത്തീൻ സാമ്രാജ്യങ്ങളും അവർ വിശുദ്ധ നാട്ടിൽ സ്ഥാപിച്ചു.[5] പ്രഥമയുദ്ധത്തിൽ ജേതാക്കളായതിനാൽ അവർ വളരെയധികം സന്തുഷ്ടരായിരുന്നു. ഇങ്ങനെ കൈവന്ന വിജയം മറ്റു ചില സൽഫലങ്ങൾക്കും നാന്ദിയായി. പൗരസ്ത്യദേശത്തു വ്യാവസായികമായ പുരോഗതി ഇതുമൂലം സാധ്യമായി എന്നത് അതിപ്രധാനമായ ഒരു വസ്തുതയാണ്. ജനോവ, വെനീസ് തുടങ്ങിയ സ്ഥാനങ്ങൾ വാണിജ്യപരമായി മുന്നേറി.

**രണ്ടാമത്തെ കുരിശുയുദ്ധം,എ.ഡി. 1147-1148**

എ.ഡി. 1147-ൽ എഡേസ്സാ ക്രിസ്ത്യാനികൾക്കു നഷ്ടമായി. രണ്ടാം കുരിശുയുദ്ധത്തിനു ഹേതുവായത് ഈ സംഭവമാണ്. യുജിനിയസ് രണ്ടാമൻ പാപ്പായും, വി. ബർണാഡും ഇത്തരുണത്തിൽ ഒരു യുദ്ധത്തിനായി ജനത്തെ ആവേശഭരിതരാക്കി. വി. ബർണാഡ് യോദ്ധാക്കൾക്കു നൽകിയ ഉത്തേജനം കൊണ്ടായിരിക്കാം ഈ യുദ്ധത്തെ വി. ബർണാഡിന്റെ കുരിശുയുദ്ധം' എന്നു നാമകരണം ചെയ്തിരിക്കുന്നത്.[6] എ.ഡി. 1147-ൽ ആരംഭിച്ച ഈ യുദ്ധത്തിന് നായകന്മാരായിരുന്നത് ജർമ്മനിയുടെ ചക്രവർത്തിയായ കോൺറാഡ് മൂന്നാമനും, ഫ്രാൻസിന്റെ രാജാവായ ലൂയിസ് ഏഴാമനും ആയിരുന്നു. തികച്ചും തോൽവിയടഞ്ഞ പരിശ്രമം മാത്രമായി ഈ മുന്നേറ്റം അവസാനിക്കുകയുണ്ടായി. ജർമ്മനിയിൽ യഹൂദർ അസംഖ്യം കൊല്ലപ്പെടുകയും, അനേകർ നാശനഷ്ടങ്ങൾക്ക് ഇരയാകുകയും ചെയ്തു.

**മൂന്നാമത്തെ കുരിശുയുദ്ധം, എ.ഡി. 1188-1192**

എ.ഡി.1187-ൽ തുർക്കികളുടെ സുൽത്താൻ സലാഡിൻ യെരുശലേം തിരികെ പിടിച്ചെടുത്തു. മൂന്നാമത്തെ കുരിശുയുദ്ധം ഇക്കാരണത്താൽ അനിവാര്യമായി. 'രാജാവിന്റെ കുരിശുയുദ്ധം' (King's Crusade) എന്ന പേരിൽ അറിയപ്പെടുന്ന ഈ യുദ്ധത്തിന്റെ നേതാക്കന്മാർ ഇംഗ്ലണ്ടിലെ റിച്ചാർഡ് (The Lion Hearted), ഫ്രാൻസിലെ ഫിലിപ്പ്



## കുരിശുയുദ്ധങ്ങൾ: അനിവാര്യതയും, അസ്വാഭാവികതയും

രണ്ടാമൻ, ചക്രവർത്തിയായ ഫ്രെഡറിക് ഒന്നാമൻ ബാർബറോസ്സോ മാർഗമദ്ധ്യേ നിര്യാതനായി. ഫിലിപ്പും, റിച്ചാർഡും തമ്മിൽ ശത്രുതയിലുമായി. ഇതേത്തുടർന്നു ഫിലിപ്പു സ്വദേശത്തേക്ക് മടങ്ങി; റിച്ചാർഡും ശേഷിച്ചവരും യുദ്ധത്തിൽ ഏർപ്പെട്ടു. ഒന്നോ രണ്ടോ പ്രദേശങ്ങൾ (ഉ. അസ്കാലോൺ, അക്രെ) പിടിച്ചെടുത്തതല്ലാതെ കാര്യമായ യാതൊരു നന്മയും ഇപ്രാവശ്യം ലഭ്യമായില്ല. പില്ക്കാലത്ത്, അതായത് എ.ഡി. 1192-ൽ സലാഡിനുമായി ഇംഗ്ലണ്ടിലെ രാജാവായ റിച്ചാർഡ് ഒന്നാമൻ മൂന്നു വർഷത്തേക്ക് ഉണ്ടാക്കിയ ഒരു ഉടമ്പടിപ്രകാരം വി. കബറിടം സന്ദർശിപ്പാനുള്ള അനുവാദം കിട്ടി.[7]

**‘കുരിശ്’ എന്നർത്ഥമുള്ള ‘ക്രക്സ്’ (Crux) എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് ‘ക്രോസ്’ (Cross) എന്ന ഇംഗ്ലീഷ് വാക്ക് ഉത്ഭവിച്ചിട്ടുള്ളത്. പ്രസ്തുത യുദ്ധങ്ങൾക്കു പോയവർ തങ്ങളുടെ നെഞ്ചത്തും, വലത്തുതോളിലും കുരിശിന്റെ ചിഹ്നം വഹിച്ചിരുന്നു. ഇക്കാരണത്താൽ ഈ യുദ്ധങ്ങൾ കുരിശു യുദ്ധങ്ങൾ എന്നപേരിൽ അറിയപ്പെടുന്നു.**



# നിലയ്ക്കാത്ത പോരാട്ടങ്ങൾ

**നാലാമത്തെ കുരിശുയുദ്ധം, എ.ഡി. 1202-1204**

എ.ഡി. 1196-1197-ൽ മറ്റൊരു യുദ്ധസന്നാഹം ഉണ്ടായിട്ടുണ്ടെങ്കിലും പ്രയാജനരഹിതമായ പ്രയത്നമായി ഇതു പര്യവസാനിക്കുകയുണ്ടായി. ആകയാൽ ഈ സന്നാഹത്തെ കുരിശുയുദ്ധങ്ങളുടെ നിരയിൽ ഇവിടെ ഉൾപ്പെടുത്തുന്നില്ല. ‘ജർമ്മൻ കുരിശുയുദ്ധം’ എന്ന പേരിൽ അറിയപ്പെടുന്ന ഇതിന്റെ സൂത്രധാരൻ ബർബറോസ്സോയുടെ പുത്രൻ



ഹെൻട്രി ആറാമനാണ്. നാലാമത്തെ കുരിശുയുദ്ധമായി നാം കണക്കാക്കുന്നത് എ.ഡി. 1202-ൽ ആരംഭിച്ച യുദ്ധത്തെയാണ്. ‘വ്യാജ കുരിശുയുദ്ധം’ (Pseudo Crusade) എന്ന നാമത്തിൽ ഇത് വിശേഷിപ്പിക്കപ്പെടുന്നു.8 ഇന്നസെന്റ് മൂന്നാമൻ പാപ്പായാണ് ഈ യുദ്ധത്തിന് പ്രേരണ നൽകിയതെങ്കിലും, പിന്നീട് വെനീസുകാരായ വണിക്കുകൾ (Traders) ആണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. ഫാളാൻഡേഴ്സിലെ ബാൾഡ്വിൻ മോന്റ്ഫെറാറ്റിലെ ബോണിഫസ് എന്നിവരുടെ നേതൃത്വം ജനത്തിന് ലഭിച്ചു. കുസ്തന്തിനോസ്പ്പൊലീസ് തിരിച്ചെടുക്കുകയും, ചക്രവർത്തി പദത്തിൽ നിന്നു ബഹിഷ്കൃതനായ രാജാവിന്റെ പുത്രനും സിംഹാസനത്തിന് അവകാശിയുമായിരുന്ന തന്നെ അധികാരത്തിലേറ്റുകയും ചെയ്താൽ കുരിശുയുദ്ധത്തിന് ആവശ്യമായ ഒത്താശകൾ നൽകാമെന്ന് അലക്സിയൂസ് നാലാമൻ വാഗ്ദത്തം ചെയ്തിരുന്നു. വ്യവസായപരമായ താൽപര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യവും കുരിശുയുദ്ധത്തിന്നായി പ്രേരിപ്പിച്ചവരുടെ മനസ്സിൽ രൂഢമൂലമായി ഉണ്ടായിരുന്നതായി കാണാം. അതുകൊണ്ട് ഇക്കാര്യങ്ങളുടെ സാധ്യതയ്ക്കായി കുസ്തന്തിനോസ്പ്പൊലീസ് അക്രമിക്കുവാൻ യുദ്ധത്തിന്നായി പോയവരെ അവർ പ്രേരിപ്പിച്ചു. അവരുടെ സഹായത്താൽ അലക്സിയൂസ് നാലാമൻ എ.ഡി. 1202-ൽ കുസ്തന്തിനോസ്പ്പൊലീസിൽ അധികാരത്തിൽ വന്നു. പക്ഷേ തന്റെ വാഗ്ദാനം നിറവേറ്റപ്പെട്ടില്ല. ആകയാൽ എ.ഡി. 1204-ൽ അവർ കുസ്തന്തിനോസ്പ്പൊലീസ് ആക്രമിച്ചു. പരിധിയില്ലാത്ത അതിക്രമങ്ങൾക്ക് അവർ വഴിതെളിയിച്ചു. സ്ത്രീകളും കുഞ്ഞുങ്ങളും മൃഗീയമായ ഉപദ്രവങ്ങൾക്കു വശംവദരായി. ദേവാലയങ്ങൾ, പഠനകേന്ദ്രങ്ങൾ എന്നിവ അഗ്നിക്കിരയാക്കപ്പെട്ടു. സകലവിധ ദോഷൈക പ്രവർത്തനങ്ങൾ എങ്ങും താണ്ഡവമാടി. ഇതിനെല്ലാം മകുടമായി കുസ്തന്തിനോസിപ്പൊലീസിൽ ലത്തീൻ സാമ്രാജ്യത്തിന് അസ്ഥിവാരവും ഇട്ടു. ഫ്ളാൻഡേഴ്സിലെ ബാൾഡ്വിൻ ചക്രവർത്തിയായിത്തീരുകയും ചെയ്തു. വിശുദ്ധനാടിനുവേണ്ടിയുള്ള ദാഹം ഈ യുദ്ധകാലത്തു പ്രകടമായിരുന്നില്ല. തുർക്കികൾക്കെതിരായും ഒന്നും തന്നെ ചെയ്യുവാൻ കഴിഞ്ഞതുമില്ല. ദൂരവ്യാപകമായ ഫലങ്ങൾക്കും ഇത് പ്രേരകമായി. ദൃഷ്ടാന്തമായി പറഞ്ഞാൽ എ.ഡി.1453-ൽ തുർക്കികൾക്കു കുസ്തന്തിനോസ്പ്പൊലീസിനെ പൂർണ്ണമായും കീഴടക്കുവാൻ ഇക്കാലത്തെ അക്രമണങ്ങൾ വഴിയൊരുക്കുകയുണ്ടായി. പാശ്ചാത്യ-പൗരസ്ത്യ സഭാ ബന്ധത്തിന്റെ തകർച്ചയുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ, പൗരസ്ത്യസഭയോടും ദേശത്തോടും ഉള്ള വൈരാഗ്യത്തിന്റെ പ്രതിഫലനവും അന്നത്തെ സംഭവങ്ങളിൽ കാണുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും കുസ്തന്തിനോസ്പ്പൊലീസിന്റെ പതനത്തോടും, ലത്തീൻ സാമ്രാജ്യവും ലത്തീൻ പാത്രിയർക്കേറ്റും ആവിർഭവിച്ചതോടും കൂടി അവിടത്തെ പൗരസ്ത്യ സഭയും പാപ്പായുടെ അധികാരത്തിൻ കീഴിൽ ആക്കപ്പെട്ടു. ഏതാണ്ട് അരനൂറ്റാണ്ടിൽ അധികം ഇപ്രകാരം കുസ്തന്തിനോസ്പ്പൊലീസിൽ സ്ഥാപിതമായ ലത്തീൻ സാമ്രാജ്യം നിലനിന്നു.

**അഞ്ചാമത്തെ കുരിശുയുദ്ധം, എ.ഡി. 1217-1221**

എ.ഡി. 1208-ലും 1212-ലും നടന്ന കുരിശുയുദ്ധങ്ങളെയും ചരിത്രകാരന്മാർ കുരിശുയുദ്ധങ്ങളുടെ പട്ടികയിൽ ചേർക്കുന്നില്ല. ഇതിന്റെ കാരണം ആദ്യത്തേതിനു വിശുദ്ധനാടിന്റെ മോചനവുമായി ബന്ധമില്ലാത്തതിനാലും, രണ്ടാമത്തേതു തികഞ്ഞ പരാജയം ആയിരുന്നാലും ആയിരിക്കാം. എ.ഡി. 1208-ൽ ഇന്നസെന്റ് മൂന്നാമൻ പാപ്പായാണ് ആൽബിജെൻസസ് എന്ന ദുരുപദേശക മതവിഭാഗത്തിന് എതിരായി ഒരു കുരിശുയുദ്ധം പ്രഖ്യാപിച്ചത്.

ദക്ഷിണഫ്രാൻസിൽ ആൾബി എന്ന സ്ഥലത്തു പതിനൊന്നാം നൂറ്റാണ്ടിൽ രൂപംകൊണ്ട ദുരുപദേശ മതവിഭാഗമാണ് ആൾബിജെൻസസ്. യൂറോപ്പിൽ ചില സ്ഥലങ്ങളിൽ ‘കാഥാറി’ എന്ന പേരിലും ഇത് അറിയുന്നു. ‘കാഥാറ’ എന്നത് പൗരസ്ത്യ നാമമാണ്. പൊതുവേ ഫ്രാൻസിലെയും, ഇറ്റലിയിലെയും ദുരുപദേശകവിഭാഗങ്ങൾ ‘കാഥാറി’ എന്ന പേരിലാണ് അറിയപ്പെടുന്നത്.[9] മാനിക്കേയ മതത്തിന്റെ നന്മയും തിന്മയുമായി ബന്ധപ്പെട്ട ദ്വൈതചിന്തയുടെ സ്വാധീനം ഈ വിഭാഗത്തിന്റെ ഉപദേശങ്ങളിൽ കാണാം.[10] ലോകത്തിന്റെ ശ്രേഷ്ഠമായ തത്ത്വം (Good Principle) ദൈവമാണ്. ആ ദൈവമാണ് പുതിയനിയമം നൽകിയത്. എന്നാൽ യഹോവ ചീത്തയായ തത്ത്വം (Bad Principle) ആണ്. ഭൗതികമായ (Material) ഈ ലോകത്തിന്റെ സ്രഷ്ടാവും, പഴയനിയമത്തിന്റെ കർത്താവുമാണ് യഹോവ. ഈ മതവിഭാഗത്തിൽ വിശ്വാസികളെ രണ്ടായി തരം തിരിച്ചിരിക്കുന്നു. ഒന്ന്, പരിപൂർണ്ണൻ (Perfect) അഥവാ മൂപ്പന്മാർ (Elders) രണ്ട്, കേവല വിശ്വാസികൾ. ആദ്യ വിഭാഗത്തിൽ പെട്ടവർ കൂദാശകൾ, പ്രതിമാവന്ദനം, ആത്മിക-ലൗകികാധികാരങ്ങൾ, വിവാഹം, സമ്പത്ത്, മൃഗങ്ങളുടെ മാംസം ആദിയായവയെല്ലാം വർജിക്കേണ്ടതാണ്. എന്തെന്നാൽ അവയെല്ലാം തിന്മയാണ്. നിരാഹാരം മൂലമുള്ള ആത്മഹത്യപരമായ അനുഷ്ഠാനം ആണെന്ന് അവർ കരുതി. ഈ വിഭാഗത്തിൽ പെട്ടവർ ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം അനഭിമതരാകുകയും, അവരുടെ പഠിപ്പിക്കകൾക്കു സഭ വിലക്കുകൾ ഏർപ്പെടുത്തുകയും ചെയ്തു. പല സന്ദർഭങ്ങളിലായി പ്രസ്തുത വിലക്കുകൾക്കു സഭ അംഗീകാരം നൽകി. എ.ഡി. 1148-ൽ റൈംസിലും, 1184-ൽ വെറോണയിലും, 1215-ൽ നാലാമത്തേതായി ലാറ്ററനിലും കൂടിയ സമ്മേളനങ്ങൾ അവർക്കെതിരായി തീരുമാനങ്ങൾ ചെയ്തു. എന്നിരുന്നാലും അവരുടെ വർദ്ധനയെ തടയുവാനായില്ല. അവരുടെ വളർച്ച പ്രതിരോധിക്കുവാനും, സാധ്യമെങ്കിൽ അവർക്ക് മനഃരൂപാന്തരത്വം വരുത്തുവാനായി സഭയുടെ ഭാഗത്തുനിന്നു സന്യാസക്രമത്തിൽ ഉൾപ്പെട്ടവരുടെ സഹായവും തേടുകയുണ്ടായി. പക്ഷേ ഇവ്വിധ ശ്രമങ്ങൾ വിഫലമെന്നു കണ്ടപ്പോൾ ഇന്നസെന്റ് മൂന്നാമൻ പാപ്പാ അവർക്കെതിരായി കുരിശുയുദ്ധം പ്രഖ്യാപിച്ചു. പ്രസ്തുത കുരിശുയുദ്ധം ‘ആൾബിജെൻസസ് കുരിശുയുദ്ധം’ എന്നറിയപ്പെടുന്നു. കൊല്ലും കൊലയും നടന്നതുകൂടാതെ ‘ഇന്റർഡിക്ട്’ (Interdict), ‘ഇൻക്വിസിഷൻ’ (Inquisition) തുടങ്ങിയ ദണ്ഡനമുറകളും ഇക്കാലത്തു പ്രയോഗിക്കുകയുണ്ടായി[11]. എന്നാൽ ഈ കുരിശുയുദ്ധം ഫലപൂർത്തിയിലെത്തിയില്ല. ആൾബിജെൻസിന്റെ മാനസാന്തരം സാധ്യമായതുമില്ല. അടുത്ത രണ്ടു നൂറ്റാണ്ടുകൾ കൂടി, അതായതു പതിന്നാലാം നൂറ്റാണ്ടിന്റെ അവസാനം വരെയും ഈ വിഭാഗം നിലനിന്നു[12]. ‘വാൽഡീൻ സെസ്’ എന്ന സമൂഹത്തിന് എതിരായും പാപ്പാ കുരിശുയുദ്ധം ആഹ്വാനം ചെയ്യുകയുണ്ടായി. ഈ സമൂഹത്തെപ്പറ്റിയും, അവർക്കെതിരായുള്ള പ്രവർത്തനങ്ങളെക്കുറിച്ചും മറ്റൊരിടത്തു പരാമർശിച്ചിട്ടുള്ളതിനാൽ ആവർത്തനം ഇവിടെ ഒഴിവാക്കുന്നു.

എ.ഡി. 1212-ൽ മറ്റൊരു കുരിശുയുദ്ധത്തിനുള്ള തയ്യാറെടുക്കലും, അതിനോടനുബന്ധപ്പെട്ട സംഭവങ്ങളും നടന്നത് ഇന്നസെന്റ് മൂന്നാമന്റെ കാലത്തുതന്നെയാണ്. ‘കുട്ടികളുടെ കുരിശുയുദ്ധം’ എന്ന പേരിൽ വിഖ്യാതമായ പ്രസ്തുത സന്നാഹത്തിൽ ആയിരക്കണക്കിനു ബാലകർ പങ്കെടുത്തു. ഫ്രാൻസുകാരനായ സ്റ്റീഫൻ എന്ന പേരോടുകൂടിയ ആട്ടിടയബാലനാണ് ഇവരെ സംഘടിപ്പിക്കുവാൻ പ്രയത്നിച്ചത്. യരുശലേമിന്റെ സ്വാതന്ത്ര്യം അവരുടെ ചെറുഹൃദയങ്ങളിലെ ആവേശമായിരുന്നെങ്കിലും മാർഗമദ്ധ്യേ പൈദാഹത്താൽ അനേകർ മരണപ്പെട്ടു. ബാക്കിയുള്ളവരെ സാരസൻ വർഗക്കാർ പിടിച്ച് ഈജിപ്റ്റിൽ അടിമകളായി വിറ്റു. മുൻപിൽ നോക്കാതെ, നന്മതിന്മകൾ വേർതിരിച്ചറിയുവാൻ പരിശ്രമിക്കാതെയുള്ള എടുത്തുചാട്ടത്തിന്റെ ദുഷ്യഫലം എത്ര ആപൽക്കരവും വിനാശകരവുമാണ് എന്നത് ഈ കുട്ടികളുടെ ദുരന്തകഥ നമ്മെ അനുസ്മരിപ്പിക്കുന്നു.[13]

എ.ഡി. 1212-ൽ തന്നെ മറ്റൊരു സംഘം ബാലകരുടെ മുന്നേറ്റവും ഉണ്ടായി. ജർമ്മനിയിൽ നിക്കോളാസ് എന്ന പേരുള്ള യുവാവിന്റെ നേതൃത്വത്തിൽ ശരാശരി പന്ത്രണ്ടു വയസ്സുള്ള ആയിരക്കണക്കിനു ബാലന്മാർ (അവരിൽ ചിലർ ആൺവേഷം ധരിച്ച പെൺകുട്ടികൾ ആയിരുന്നു) കൊളോണിൽ നിന്നു വിശുദ്ധനാടിന്റെ വിമോചനത്തിനായി പുറപ്പെട്ടു. പക്ഷേ അസംഘടിതരായ ഇവർക്ക് അനുഭവിക്കേണ്ടിവന്ന യാതനകൾ നിരവധിയായിരുന്നു. ലക്ഷ്യസ്ഥാനത്ത് എത്തുവാൻപോലും കഴിയാതെ അനേകർ വഴിമദ്ധ്യേതന്നെ പട്ടുപോയി. ശേഷിച്ചവർ തങ്ങളുടെ സ്വപ്നം സാക്ഷാതിക്കരിക്കപ്പെടുകയില്ലെന്നു കണ്ടു സ്വദേശത്തേക്കും, മറ്റു പല സ്ഥലങ്ങളിലേക്കും മടങ്ങി.[14]

എ.ഡി. 1215-ൽ ലാറ്ററൻ സമ്മേളനത്തിൽവച്ച് ഇന്നസെന്റ് മൂന്നാമൻ പാപ്പാ മറ്റൊരു കുരിശുയുദ്ധത്തിന്റെ സാധ്യതയെക്കുറിച്ചു സംസാരിക്കുകയുണ്ടായി. തൽഫലമായി എ.ഡി. 1217-ൽ ഉണ്ടായ പ്രയത്നം വിഫലമായിരുന്നു. ഹംഗറിയിലെ രാജാവായ ആൻഡ്രൂ രണ്ടാമന്റെ നായകത്വം ഇത്തരുണത്തിൽ കാണാം. ആകയാൽ ‘ഹംഗേറിയൻ കുരിശുയുദ്ധം’ എന്ന് ഇതിനെ വിളിക്കുന്നു.[15] തുടർന്ന് എ.ഡി 1218-ൽ ബ്രിയെന്ന (യരുശലേം) യിലെ ജോൺ രാജാവിന്റെ നേതൃത്വത്തിൽ കുരിശുയുദ്ധത്തിൽ പങ്കെടുത്തവർ ഈജിപ്റ്റിനെ ആക്രമിക്കുകയും,

ശേഷം പേജ് 8ൽ

കുരിശുയുദ്ധങ്ങൾ: അനിവാര്യതയും, അസ്വാഭാവികതയും



തുർക്കികളുടെ ആക്രമണത്തെ ചെറുത്തുനില്ക്കുവാൻ ഇക്കാലത്തു സാധ്യമായിയെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. ക്രൈസ്തവസംഘത്തെ കുറേക്കാലത്തേക്ക് ഒന്നിപ്പിച്ചു നിർത്തുവാനും കുരിശുയുദ്ധങ്ങൾ സഹായകമായി. യൂറോപ്പിന്റെ ആത്മികവും ബൗദ്ധികവും ആയ ഉന്നതിക്കു കുരിശുയുദ്ധങ്ങൾ ഒരളവിൽ കാരണഭൂതമായിത്തീർന്നിട്ടുണ്ട്. സുവിശേഷഘോഷണത്തിൽ പ്രകടമായ താല്പര്യം, മദ്ധ്യയുഗ സർവകലാശാലകളുടെ ആരംഭം, അതേത്തുടർന്നു വിജ്ഞാനപരമായി ഉണ്ടായ നവോത്ഥാനം എന്നിവ പ്രസ്താവ്യമായ ഏതാനും നന്മകളാണ്.

# കുരിശുയുദ്ധങ്ങൾ കൊണ്ട് എന്ത് നേടി?

കുരിശു സഹനത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണെന്നതിൽ പക്ഷാന്തരമില്ല. പക്ഷേ ഇക്കാലത്തു കുരിശുയുദ്ധങ്ങൾക്കുപോയ യോദ്ധാക്കൾ കുരിശ് ചിഹ്നമായി സ്വീകരിച്ചതിൽകൂടി കുരിശുയുദ്ധവുമായി ആഗ്രഹിക്കാനാവാത്തവിധം ബന്ധം ഉണ്ടാകുവാൻ ഇടയായി. ഈ ഘട്ടത്തിലെ യുദ്ധങ്ങളെ 'കുരിശുയുദ്ധങ്ങൾ' എന്നു നാമകരണം ചെയ്തിരിക്കുന്നതിനാൽ തികഞ്ഞ അസ്വഭാവികത നിലനിൽക്കുന്നു എന്നുള്ളതു സമ്മതിക്കേണ്ട വസ്തുതയാണ്.

കുരിശുയുദ്ധങ്ങളാൽ നന്മയും തിന്മയും ഉണ്ടായിട്ടുണ്ട്. അവയിൽ ഏതാനും ചില കാര്യങ്ങൾ ഇവിടെ പരിശോധിക്കാം. പാപവിമോചന ചീട്ടി (Indulgences) ന്റെ വില്പന വർദ്ധമാനമാകുവാൻ കുരിശുയുദ്ധങ്ങൾ കാരണമായി. വിശുദ്ധന്മാരുടെ വിശുദ്ധമതികളുടെ സുകൃത (Merit)-ത്താൽ മോക്ഷപ്രാപ്തി അഥവാ മരണാനന്തര ശുദ്ധീകരണസ്ഥല (Purgatory) ത്തെ യാതനകളിൽ നിന്നു വിടുതൽ പ്രാപിക്കാമെന്നു മദ്ധ്യകാല റോമൻ സഭ പഠിപ്പിച്ചിരുന്നു. വിശുദ്ധരുടെ പ്രാർത്ഥന, സുകൃതം ഇവ തങ്ങളുടെ രക്ഷയ്ക്ക് ആവശ്യമുള്ളതിൽ കൂടുതൽ ഉണ്ടെന്നും, ഇപ്രകാരം അധികമായുള്ളവ പാപ്പായുടെ അധികാരത്തിനു കീഴിൽ ഒരു ഭണ്ഡാരത്തിൽ (Treasury) സൂക്ഷിച്ചിരിക്കുന്നുവെന്നും, പ്രസ്തുത ഭണ്ഡാരത്തിൽനിന്നു ആവശ്യക്കാർക്കു തങ്ങളുടെ രക്ഷയ്ക്കായി സുകൃതം വിലയ്ക്കു വാങ്ങാമെന്നും ഉള്ള സഭയുടെ പഠിപ്പിക്കയാണ് 'സുകൃതഭണ്ഡാരസിദ്ധാന്തം' (Treasury of Merit). സുകൃതം പട്ടണത്തിനു ലഭിക്കുന്നുവെന്നു ഉറപ്പാക്കുവാൻ പാപവിമോചന ചീട്ടുകൾ അന്നു നൽകിയിരുന്നു. സഭയിലെ 'വലിയ പിളർപ്പി' (Great Schism) ന്റെ കാലത്ത് അവയുടെ വില്പന വളരെയധികം വർദ്ധിക്കുകയുണ്ടായി[19] എ.ഡി. 1095-ൽ ക്ലേർമോണ്ടിൽ കൂടിയ സമ്മേളനത്തിന്റെ കാനോനകൾ പാപവിമോചനചീട്ടിന്റെ വില്പനയ്ക്കു സഹായകമായി ഭവിച്ചിരുന്നുവെന്നതും ഇവിടെ സ്മർത്തവ്യമാണ്. ദൂരവ്യാപകമായ ഭവിഷ്യൽ ഫലം പാപവിമോചനച്ചീട്ടിന്റെ വില്പനമൂലം സഭയിൽ ഉളവാകുവാൻ കാരണമായി എന്നതും സാന്ദർഭികമായി സൂചിപ്പിക്കേണ്ടിയിരിക്കുന്നു. പാപ്പായുടെ അധികാരത്തിന്റെ സീമ ഇതോടുകൂടി വിശാലമായി. ഇത് കൂടുതൽ പ്രശ്നങ്ങൾക്ക് വഴിതെളിച്ചു. പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിലുള്ള ഐക്യസാധ്യതൾ നഷ്ടീഭവിക്കുകയുണ്ടായി. അതായതു ലത്തീൻ വിഭാഗക്കാരും, ഗ്രീക്കുപക്ഷക്കാരും തമ്മിൽ കൂടുതൽ അകലുവാൻ കുരിശുയുദ്ധങ്ങൾ പ്രേരകമായി. ഏകതയിൽ വസിക്കേണ്ടിയിരിക്കെ ഇതര സമൂഹങ്ങളുമായി, വിശിഷ്യാ, മുസ്ലീം സഹോദരങ്ങളുമായി ക്രൈസ്തവസമൂഹം ഭിന്നിപ്പാൻ സാഹചര്യം ഉണ്ടായി. അങ്ങനെ പരസ്പര സൗഹാർദ്ദത്തിനും സാഹോദര്യത്തിനും കുരിശുയുദ്ധങ്ങൾ വിനയായിത്തീർന്നു. സ്നേഹഗീതം പാടേണ്ടിയവർ പടഹധ്വനി മുഴക്കുവാൻ ഒരുമ്പെട്ടതിന്റെ ഫലമായി പരിതിയില്ലാത്തവിധം ധനനാശവും രക്തച്ചൊരിച്ചിലും, നരഹത്യയും ഉണ്ടായി. സഭാനേതൃത്വത്തിനു വന്ന വികല്പം ക്രിസ്തീയ ചരിത്രത്തിലും സാക്ഷ്യത്തിലും കറുത്ത പാടുകൾ വീഴ്ത്തി. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായ കുരിശ് യുദ്ധചിഹ്നമായി ഉപയോഗിച്ചതിലൂടെ അപഹസിക്കപ്പെട്ടു. എന്നാൽ അപ്പറയപ്പെട്ടവയെല്ലാം കുരിശുയുദ്ധങ്ങൾമൂലം ഉണ്ടായ സംഭവവികാസങ്ങളുടെ ഒരു വശം മാത്രമാണ്. മറുവശത്തു കുരിശുയുദ്ധങ്ങളാൽ കൈവന്ന ചില നേട്ടങ്ങളും ഉണ്ടെന്നുള്ളതു വിസ്മരിക്കുവാൻ പാടില്ല.

> **സ്നേഹഗീതം പാടേണ്ടിയവർ പടഹധ്വനി മുഴക്കുവാൻ ഒരുമ്പെട്ടതിന്റെ ഫലമായി പരിതിയില്ലാത്തവിധം ധനനാശവും രക്തച്ചൊരിച്ചിലും, നരഹത്യയും ഉണ്ടായി. സഭാനേതൃത്വത്തിനു വന്ന വികല്പം ക്രിസ്തീയ ചരിത്രത്തിലും സാക്ഷ്യത്തിലും കറുത്ത പാടുകൾ വീഴ്ത്തി. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായ കുരിശ് യുദ്ധചിഹ്നമായി ഉപയോഗിച്ചതിലൂടെ അപഹസിക്കപ്പെട്ടു.**




തുർക്കികളുടെ ആക്രമണത്തെ ചെറുത്തുനില്ക്കുവാൻ ഇക്കാലത്തു സാധ്യമായിയെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. ക്രൈസ്തവസംഘത്തെ കുറേക്കാലത്തേക്ക് ഒന്നിപ്പിച്ചു നിർത്തുവാനും കുരിശുയുദ്ധങ്ങൾ സഹായകമായി. യൂറോപ്പിന്റെ ആത്മികവും ബൗദ്ധികവും ആയ ഉന്നതിക്കു കുരിശുയുദ്ധങ്ങൾ ഒരളവിൽ കാരണഭൂതമായിത്തീർന്നിട്ടുണ്ട്. സുവിശേഷഘോഷണത്തിൽ പ്രകടമായ താല്പര്യം, മദ്ധ്യയുഗ സർവകലാശാലകളുടെ ആരംഭം, അതേത്തുടർന്നു വിജ്ഞാനപരമായി ഉണ്ടായ നവോത്ഥാനം എന്നിവ പ്രസ്താവ്യമായ ഏതാനും നന്മകളാണ്. നഗരങ്ങളുടെ പുരോഗതിയും, വ്യാപാരപരമായ അഭ്യുന്നതിയും നേട്ടങ്ങൾ ഉൾപ്പെടുന്നു. പൗരസ്ത്യ ഉല്പന്നങ്ങളായ സുഗന്ധവർഗ്ഗങ്ങൾ, സിൽക്ക് ആദിയായവ യൂറോപ്പിൽ ഇക്കാലത്തു പരിചിതമായി. കൂടാതെ റോമൻ സംഖ്യാക്ഷരങ്ങൾക്കു പകരമായി അറബിക്കു സംഖ്യാക്ഷരങ്ങൾ യൂറോപ്പിൽ പ്രചാരത്തിൽ വന്നു.[20] ഫ്യൂഡൽ പ്രഭുത്വത്തിനും കനത്ത ആഘാതം ഇക്കാലത്തു ഏല്ക്കുകയുണ്ടായി. തന്നിമിത്തം ഫ്യൂഡൽ വ്യവസ്ഥിതി ചോദ്യം ചെയ്യപ്പെടുകയും, സാവധാനം തിരോഭവിക്കുകയും ചെയ്തു.

ഏതാനും മിലിട്ടറി ക്രമങ്ങൾ (ഉദാ: Knights Hospitallers, Knights Templar, and Teutonic Knights) ഈ ഘട്ടത്തിൽ രൂപം പ്രാപിക്കുകയുണ്ടായി. സന്യാസചര്യയും യുദ്ധാഭ്യാസവും ഒത്തുചേർന്നവയായിരുന്നു ഈ ക്രമങ്ങൾ. ക്നൈറ്റ്സ് ഹോസ് പിറ്റലേഴ്സ് എന്ന ക്രമമാണ് ആദ്യം സ്ഥാപിതമായത്. ഉദ്ദേശം എ.ഡി. 1023-ൽ യരുശലേമിൽ സ്ഥാപിതമായ ആശുപത്രി രോഗാതുരരും, അശരണരുമായ ലത്തീൻ തീർത്ഥാടകർക്കു ശ്രദ്ധേയമായ സേവനം കാഴ്ചവച്ചു. 21 ഒന്നാം കുരിശുയുദ്ധകാലത്തും പ്രസ്തുത സേവനം തുടർന്നു. ഗെറാർഡ് എന്ന പേരോടുകൂടിയ ഒരാളിന്റെ പ്രഗത്ഭമായ നേതൃത്വം ആ സമയം അതിനു ലഭിച്ചിരുന്നു. 'യെരുശലേമിലെ വി. യോഹന്നാന്റെ യോദ്ധാക്കൾ (Knights of St. John of Jerusalem/ Johannites) എന്ന പേരിൽ ഇതിന്റെ അംഗങ്ങൾ വിളിക്കപ്പെടുന്നു. വെള്ളിക്കുരിശോടു കൂടിയ കറുത്ത കുപ്പായം ഇവരുടെ ഔദ്യോഗിക വേഷമാണ്. ദാരിദ്ര്യം, ജീവിത വിശുദ്ധി, അനുസരണം എന്നീ സർവസാധാരണ പ്രതിജ്ഞകൾക്കു പുറമേ ക്രിസ്തുവിന്റെ ശത്രുക്കൾക്കെതിരെ പോരാടും എന്ന പ്രതിജ്ഞയും ഇവർ എടുത്തിരുന്നു. യോദ്ധാക്കൾ, ചാപ്ലെയിന്മാർ, ആതുരസഹോദരന്മാർ എന്നിവർ ഈ ക്രമത്തിന്റെ അംഗങ്ങളാണ്. തീർത്ഥാടകർ, കുരിശുയോദ്ധാക്കൾ ആദിയായവരുടെ പരിചരണം ഇവരുടെ ലക്ഷ്യമായിരുന്നു. പില്ക്കാലത്തു മാറിവന്ന സാഹചര്യത്തിൽ തുർക്കികൾക്കെതിരായും ഇവർ പട പൊരുതുകയുണ്ടായി. വിശുദ്ധ നാടിന്റെ പതനത്തോടെ ഇവർ സൈപ്രസ്, റോഡ്സ്, മാൾട്ട എന്നിവിടങ്ങളിലേക്ക് ആസ്ഥാനം മാറ്റി സ്ഥാപിച്ചു. പതിനേഴാം നൂറ്റാണ്ടോടുകൂടി ഈ ക്രമം ധാർമ്മികമായി അധഃപതിപ്പാൻതുടങ്ങി.

മിലിട്ടറി ക്രമങ്ങളിൽ പ്രധാനപ്പെട്ട മറ്റൊരു ക്രമമാണ് ടെമ്പിളാഴ്സ്. ഇവരുടെ മുഖ്യ ജോലി ആശുപത്രി പ്രവർത്തനമാണ്. ഈ ക്രമം ഹഗ്ഡെ പായെൻ എന്ന പേരുള്ള ബർഗ്ഗണ്ടിക്കാരനായ ഒരു യോദ്ധാവിനാൽ എ.ഡി. 1119-ൽ സ്ഥാപിതമായി. ശലമോൻ പണിത ദേവാലയത്തിന്റെ സമീപെ ഈ ക്രമം സ്ഥാപിതമായതിനാൽ പ്രസ്തുത നാമം ലഭിച്ചതായി കാണുന്നു. എ.ഡി. 1128-ൽ ഇവർക്കായി ഒരു നിയമാവലി എഴുതിയുണ്ടാക്കി. യരുശലേമിലേക്കുള്ള സാധുക്കളായ തീർത്ഥാടകരുടെ സേവനം, യരുശലേമിന്റെ സംരക്ഷണം എന്നിവ ഈ ക്രമത്തിന്റെ ഉദ്ദേശ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്. യുദ്ധമുറകളിലും അവർ വ്യാപൃതരായിട്ടുണ്ട്. ചുവന്ന കുരിശോടുകൂടിയ വെള്ള കുപ്പായം അവർ ധരിച്ചിരുന്നു.[22] സിസ്റ്റേർഷ്യൻ ക്രമവുമായി ഈ ക്രമത്തിലെ യോദ്ധാക്കൾക്ക് ഉറ്റബന്ധം ഉണ്ട്. ഫ്രാൻസിൽ ഈ ക്രമം വളർച്ച പ്രാപിച്ചതായി കാണുന്നു. കുരിശുയുദ്ധങ്ങളിൽ ഇവരുടെ ധീരമായ നേതൃത്വം അംഗീകരിക്കപ്പെട്ടതാണ്. ഫ്രാൻസിലെ രാജാവായ ഫിലിപ്പ് ഇവരെ അത്യധികം ഭയപ്പെട്ടിരുന്നു. ഏതായാലും ടെമ്പിളാഴ്സ് ക്രമത്തിന് എതിരായി അധാർമ്മികത, മതപരിത്യാഗം (Apostasy) എന്നിവ ആരോപിക്കപ്പെട്ടു. കുറ്റാരോപണം പ്രധാനമായും അഞ്ചു കാര്യങ്ങളിൽ ആയിരുന്നു. ഒന്ന്, ക്രിസ്തുവിനെ തള്ളിപ്പറയാതെയും, കുരിശിൽ തുപ്പാതെയും ആരെയും ഈ ക്രമത്തിൽ അംഗങ്ങളായി സ്വീകരിക്കാറില്ല. രണ്ട്, ക്രമത്തിന്റെ ഔപചാരികമായ പ്രവേശിപ്പിക്കൽ ചടങ്ങിൽ മ്ലേച്ഛമായ ആചാരങ്ങൾ കൂട്ടിച്ചേർക്കുന്നു. മൂന്ന്, പ്രകൃതിവിരുദ്ധം (Sodomy) അഭിനന്ദനാർഹമായി കരുതുന്നു. നാല്, വിഗ്രഹത്തെ ആരാധിക്കുന്നു. അഞ്ച്, ക്രമത്തിലെ അംഗങ്ങളിൽ പട്ടക്കാരായവർ കുർബാനയിൽ അപ്പം വാഴ്ത്താറില്ല.[23] ആകയാൽ എ.ഡി. 1312-ൽ റോമൻ പാപ്പാ ഈ ക്രമത്തെ നിരോധിച്ചു. ഇക്കാര്യത്തിൽ പാപ്പാ ഫിലിപ്പ് രാജാവിനാൽ സ്വാധീനം ചെയ്യപ്പെട്ടതായി പറയപ്പെടുന്നു. ഇതിന്റെ സ്വത്തുക്കൾ 'ക്നൈറ്റ്സ് ഹോസ്പിറ്റലേഴ്സിനെ' ഏല്പിക്കുകയും ചെയ്തു. മേല്പറയപ്പെട്ട രണ്ടു ക്രമങ്ങളും അധികാരത്തിന്റെ പ്രയോഗത്തിലും, ധനാർജ്ജനത്തിലും മുൻപന്തിയിലും ആയിരുന്നു. അവയുടെ അധോഗതിക്കു ഇടയായത് ഇക്കാരണങ്ങൾകൊണ്ടു തന്നെയാണെന്നതും തെളിവായ സത്യമാണ്.

മേല്പറഞ്ഞ ക്രമങ്ങൾ കൂടാതെ ഇതര മിലിട്ടറി ക്രമങ്ങളും ഈ കാലത്തു സംഘടിതമായിട്ടുണ്ട്. എ.ഡി. 1121-ൽ ജർമ്മൻ ചാപ്ലെയിനായ

ശേഷം പേജ് 8ൽ

മരുപ്പച്ച
വാർത്തകൾ
2011 ഡിസംബർ 05

# ഐപിസി സണ്ടേസ്കൂൾ സംസ്ഥാന സുവർണ ജൂബിലി താലന്തുദിനം



*പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യുന്നു.*

**കുമ്പനാട്:** ഐപിസി സൺഡേ സ്കൂൾ അസോസിയേഷൻ സുവർണജൂബിലി സംസ്ഥാന താലന്തുദിനം സഭാ ആസ്ഥാനമായ ഹെബ്രോൻ പുരത്ത് ഡയറക്ടർ പാസ്റ്റർ വർഗ്ഗീസ് മത്തായി ഉത്ഘാടനം ചെയ്തു. ദൈവം നൽകിയ താലന്തുകളും കഴിവുകളും ദൈവനാമ മഹത്വത്തിനും സാമൂഹിക നന്മയ്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് പാസ്റ്റർ വർഗ്ഗീസ് മത്തായി പറഞ്ഞു. ജനറൽ സെക്രട്ടറി പാസ്റ്റർ സാം വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ കെ.വി. തോമസ്, ജയിംസ് ജോർജ്ജ്, പി.എം. ഫിലിപ്പ്, പാസ്റ്റർമാരായ സി.റ്റി. ജോൺ, ജയിംസ് ഏബ്രഹാം, ജോസ് തോമസ് ജേക്കബ്, തോമസ് മാത്യു ചാരുവേലി, ജോജി ഐപ്പ് മാത്യൂസ്, തോമസ് ചാണ്ടി, പി.വി. ഉമ്മൻ, എബ്രഹാം തോമസ് എന്നിവർ പ്രസംഗിച്ചു.

# ഡിസ്ട്രിക്ട് കൺവൻഷൻ

**കുമ്പനാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കുമ്പനാട് ഡിസ്ട്രിക്ട് കൺവൻഷൻ 2012 ഏപ്രിൽ 11 ബുധൻ മുതൽ 15 ഞായർ വരെ മുട്ടുമൺ ഐക്കര പെനിയേൽ ഗ്രൗണ്ടിൽ നടത്തപ്പെടും. ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ പി.എൻ ഫിലിപ്പ് ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

# മാറാനാഥാ ഗോസ്പൽ ചർച്ച് ജനറൽ കൺവൻഷൻ

**തിരുവനന്തപുരം:** പെന്തക്കോസ്ത് മാറാനാഥാ ഗോസ്പൽ ചർച്ച് ഏഴാമത് ജനറൽ കൺവൻഷൻ ഡിസംബർ 26 തിങ്കൾ മുതൽ 30 വരെ പാളയം കർമ്മേൽ പ്രയർഹാളിൽ നടക്കും. പാസ്റ്റർമാരായ കെ.കെ. ജോസഫ്, ബാബു സാമുവൽ, എസ്. മാത്യു, പി.എം.പാപ്പച്ചൻ, പാപ്പി മത്തായി, എം.എ. ജോൺ, എ.കെ. തമ്പി, എം.കെ. സ്ക്കറിയ, ജോൺ ജോർജ്, എം.എ. വർഗീസ് എന്നിവർ പ്രസംഗിക്കും. പിഎംജിസി മ്യൂസിക് ടീം ഗാനശുശ്രൂഷ നിർവഹിക്കും.കൺവൻഷൻ നടത്തിപ്പിനായി പാസ്റ്റർ കെ.കെ. ജോസഫ് എക്സിക്യൂട്ടീവ് ജനറൽ കൺവീനറായും ഇവാ. കോശി ഫിലിപ്പ് പബ്ലിസിറ്റി കൺവീനറായും പ്രവർത്തിക്കുന്നു.

# കരിയംപ്ലാവ് കൺവൻഷൻ

**കരിയംപ്ലാവ്:** ജനുവരി 2-8 വരെ നടക്കുന്ന വേൾഡ് മിഷൻ ഇവാഞ്ചലിസം ദൈവസഭകളുടെ 63-ാമത് ജനറൽ കൺവൻഷന്റെ ഒരുക്കങ്ങൾ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ ആരംഭിച്ചു. പാസ്റ്റർ ഒ.എം.രാജുക്കുട്ടി ചെയർമാനായും പാസ്റ്റർ കെ.എം.പൗലോസ് ജനറൽ കൺവീനറായും 101 പേരടങ്ങുന്ന കമ്മറ്റി പ്രവർത്തനമാരംഭിച്ചു. സബ് കമ്മറ്റി കൺവീനർമാരായി പാസ്റ്റർമാരായ കെ.റ്റി.ചാക്കോ(ഹോസ്റ്റ്), പി.എം. ജോൺ (പ്രോഗ്രാം), ജി.ഗബ്രിയേൽ, സി.എം.സാബു(പ്രെയർ), കെ.എം.പൗലോസ്(ഫിനാൻസ്), പി.ജെ.മാത്യു (ട്രാൻസ്പോർട്ട്, ലൈറ്റ്&സൗണ്ട്), സി.പിഐസക്(പബ്ലിസിറ്റി), എ.റ്റി. ജോൺ (ഇലക്ട്രിസിറ്റി), എ.എം. സണ്ണി, കെ.ജെ.ജോസഫ് (സാനിട്ടേഷൻ), കെ.എം.ജോൺ(പന്തൽ), ജാൻസൺ ജോസഫ് (ഗാനശുശ്രൂഷ), കെ.ജെ. മാത്യു, കുഞ്ഞുമോൾ തോമസ് (വോളന്റിയേഴ്സ്), എം.എം.മത്തായി(അക്കോമഡേഷൻ), സൂസൻ രാജുക്കുട്ടി (ഫുഡ്), ജെയിംസ് ഫിലിപ്പ് (റിസപ്ഷൻ) എന്നിവർ പ്രവർത്തിക്കുന്നു.

# ചെറുവക്കൽ കൺവൻഷൻ

**ചെറുവക്കൽ:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ വേങ്ങൂർ സെന്ററിന്റെയും ന്യൂലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും സംയുക്താഭിമുഖ്യത്തിൽ ചെറുവക്കൽ കൺവൻഷൻ ഡിസംബർ 18-25 വരെ നടക്കും. ന്യൂലൈഫ് സെമിനാരി ഗ്രൗണ്ടിൽ നടക്കുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ജോൺസൺ ദാനിയേൽ, ഫിലിപ്പ് പി തോമസ്, പി.സി ചെറിയാൻ, തോമസ് ഫിലിപ്പ്, അന്നാ കണ്ടത്തിൽ, ബാബു ചെറിയാൻ, വർഗീസ് ഏബ്രഹാം, പി.എസ് ഫിലിപ്പ്, കെ.സി ജോൺ, സണ്ണി ജോർജ്ജ് എന്നിവർ പ്രസംഗിക്കും. ശാലോം വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും. 0474-2671114.

# ഫെലോഷിപ്പ് ആശ്രം കൺവൻഷൻ

**മഹാരാഷ്ട്രാ:** ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ സിൽവാസ-മഹാരാഷ്ട്ര റീജിയൻ നാലാമത് വാർഷിക കൺവൻഷൻ ഡിസംബർ 25-27 വരെ കാൻവേലിൽ നടക്കും. തോമസ്കുട്ടി ബ്രദർ ആണ് മുഖ്യപ്രഭാഷകൻ. സുപ്രസിദ്ധ ഹിന്ദി ക്രിസ്ത്യൻ ഗായിക സിസ്റ്റർ സംഗീത ആവ്ലെയും ഫെലോഷിപ്പ് ബാൻഡും സംഗീതശുശ്രൂഷ നടത്തും. ഫെലോഷിപ്പ് ആശ്രം ചർച്ചിന്റെ ഈ റീജിയൻ 46 വില്ലേജുകളിൽ സുവിശേഷപ്രവർത്തനം നടത്തുന്നു.

# ഐ.പി.സി.സെന്റർ കൺവൻഷൻ

**അടൂർ:** ഐ.പി.സി.അടൂർ ഈസ്റ്റ് ഡിസ്ട്രിക്ട് വാർഷിക കൺവൻഷൻ ഡിസംബർ 21-25 വരെ ഡിസ്ട്രിക്ട് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും.

പാസ്റ്റർമാരായ ഫിലിപ്പ് പി.തോമസ്, കെ.സി.തോമസ്, തോമസ് ഫിലിപ്പ്, സന്തോഷ് തോമസ്, ഷിബു നെടുവേലിൽ, പി.ടി.തോമസ്, തുടങ്ങിയവർ പ്രസംഗിക്കും. പാസ്റ്റർമാരായ ജി.സാംകുട്ടി, റെജി ഏബ്രഹാം, ഫിലിപ്പ് ശാമുവേൽ തുടങ്ങിയവർ നേതൃത്വം നൽകും.






# നിലയ്ക്കാത്ത പോരാട്ടങ്ങൾ

5-ാം പേജ് തുടർച്ച

ഡാമിയെറ്റ എന്ന പ്രദേശം കീഴടക്കുകയും ചെയ്തു. പക്ഷേ കെയ്റോ ആക്രമിപ്പാനുള്ള ശ്രമത്തിൽ അവർ തോൽവിയടഞ്ഞു. മാത്രവുമല്ല, എ.ഡി. 1221-ൽ കൈവശമാക്കിയ ഡാമിയെറ്റയും മുസ്ലീമുകൾക്കു വിട്ടുകൊടുക്കേണ്ടിവന്നു. അങ്ങനെ അഞ്ചാമത്തെ കുരിശുയുദ്ധവും (എ.ഡി.1217-1221) യാതൊന്നും നേടിയെടുക്കുവാൻ കഴിയാതെ വൻപരാജയമായി കലാശിച്ചു.

**ആറാമത്തെ കുരിശുയുദ്ധം, എഡി 1228-1229**

ഹോറോണിയസ് മൂന്നാമൻ പാപ്പായാണ് അടുത്ത കുരിശുയുദ്ധം പ്രഖ്യാപിച്ചത്. അതിനു ജർമ്മനിയുടെ ചക്രവർത്തിയായ ഫ്രെഡറിക്ക് രണ്ടാമൻ താല്പര്യവും കാട്ടി. എന്നാൽ ചക്രവർത്തിയുടെ ആഗ്രഹം പ്രായോഗികമായി വരുന്നതിൽ അമാന്തം നേരിട്ടപ്പോൾ ഗ്രിഗറി ഒൻപതാമൻ പാപ്പാ ചക്രവർത്തിക്കു സഭാഭ്രഷ്ട് കല്പിച്ചു. പിന്നീടു ചക്രവർത്തി കുരിശുയുദ്ധത്തിന്നായി പുറപ്പെട്ടു. 'ജർമ്മൻ കുരിശുയുദ്ധ'മെന്നു ഇതിനെ സഭാചരിത്രത്തിൽ പരാമർശിക്കുന്നു16 ആ നാളുകളിൽ സുൽത്താനുമായി സമാധാനം കൈവരിക്കുവാൻ, അതായത് എ.ഡി.1229-ൽ ഒരു സംഖ്യത ഉണ്ടാക്കുകയും ചെയ്തു. 'ജാഫാ ഉടമ്പടി'യെന്ന് ഇത് അറിയപ്പെടുന്നു. ഉടമ്പടിപകാരം ക്രിസ്ത്യാനികൾക്കു യരുശലേം, ബേത്ലഹേം, നസ്രേത്ത്, യോപ്പ. റൈറർ, സിദോൻ എന്നീ പ്രദേശങ്ങൾ മുഹമ്മദീയരിൽ നിന്നു ലഭിച്ചു. പകരമായി മുഹമ്മദീയർക്കു യരുശലേമിൽ ആരാധനാ സ്വാതന്ത്ര്യം നൽകി. ഫ്രെഡറിക്കിന്റെ പരിശ്രമം ഇവ്വിധത്തിൽ വിജയം വരിച്ചെങ്കിലും ഇനിയും പല സ്ഥലങ്ങളും വിട്ടുകിട്ടേണ്ടതുണ്ടായിരുന്നു.

**ഏഴാമത്തെ കുരിശുയുദ്ധം. എ.ഡി. 1248-1254**

ഇന്നസെന്റു നാലാമൻ പാപ്പായുടെ പ്രേരണ ഇക്കാലത്തെ യുദ്ധത്തിന് ഉണ്ടായിരുന്നു. എന്നാൽ വാസ്തവമായും കുരിശുയുദ്ധം നയിച്ചത് ഫ്രാൻസിലെ രാജാവായ ലൂയിസ് ഒൻപതാമൻ ആണ്. തന്നിമിത്തം 'ലൂയിസ് ഒൻപതാമന്റെ കുരിശുയുദ്ധം' എന്ന പേരിൽ ഇതു സൂചിപ്പിക്കപ്പെടുന്നു.[17] എ.ഡി. 1244-ൽ ഈജിപ്റ്റിലെ സുൽത്താന്റെ പടയാളികൾ വീണ്ടും യെരുശലേം കീഴടക്കി. ഇതായിരുന്നു ഇപ്രാവശ്യത്തെ കുരിശുയുദ്ധത്തിന്റെ പിന്നിലെ പ്രേരകഘടകം. ഈജിപ്റ്റിനെതിരായി ലൂയിസ് ഒൻപതാമൻ നടത്തിയ യജ്ഞം വിജയത്തിൽ ആരംഭിച്ച് അപജയത്തിൽ കലാശിക്കുകയാണുണ്ടായത്. ഡാമിയെറ്റ വീണ്ടും തിരികെപ്പിടിക്കുവാൻ കഴിഞ്ഞെങ്കിലും, കെയ്റോ കീഴടക്കുവാനുള്ള ശ്രമം വൃഥാവിലായി. യാതനകൾ ഒന്നൊന്നായി അഭിമുഖീകരിക്കേണ്ടതായും വന്നു. മുഹമ്മദീയർക്കു ഡാമിയെറ്റ മടക്കികൊടുക്കേണ്ടുന്ന സ്ഥിതിയും ഉണ്ടായി. വിശുദ്ധ നാട്ടിൽ ലൂയിസ് ഒൻപതാമൻ ചെന്നെത്തിയെങ്കിലും വിശുദ്ധനാടു വീണ്ടെടുക്കുവാൻ കഴിഞ്ഞില്ല.

**എട്ടാമത്തെ കുരിശുയുദ്ധം, എ.ഡി. 1270-1274**

ലത്തീൻ പ്രദേശങ്ങളെ മാമെലൂക്കിലെ സുൽത്താനിൽ നിന്നു രക്ഷിക്കേണ്ട ആവശ്യം ഇക്കാലത്തുണ്ടായി. ഇപ്രാവശ്യം അർബൻ നാലാമൻ പാപ്പാ മറ്റൊരു കുരിശുയുദ്ധത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞെങ്കിലും, അതിന്റെ നേതൃത്വത്തിൽ നാം കാണുന്നത് ലൂയിസ് ഒൻപതാമനെ തന്നെയാണ്. അതുകൊണ്ടു 'ലൂയിസ് ഒൻപതാമന്റെ രണ്ടാമത്തെ കുരിശുയുദ്ധ'മെന്ന് ഇതിനെ പറയുന്നു.[18] ആഫ്രിക്കയിലെ ട്യുണീഷ്യയിൽ തന്റെ പടയ്ക്കു വലിയ പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിവന്നു. പക്ഷേ തന്റെ സൈനികബലം ക്ഷയിച്ചതു മാത്രമല്ല, ലൂയിസ് ഒൻപതാമൻ മരണപ്പെടുകയും ചെയ്തു. രണ്ട് സംവത്സരങ്ങൾക്കുശേഷം, അതായത് എ.ഡി. 1272-ൽ ഉണ്ടാക്കിയ സഖ്യതയിലൂടെ യുദ്ധം ഒഴിവാക്കപ്പെട്ടു. എന്നാൽ രണ്ടു വർഷം കൂടി കഴിഞ്ഞപ്പോൾ രണ്ടാം ലയൺസ് സമ്മേളനം വീണ്ടുമൊരു കുരിശുയുദ്ധത്തിന്റെ സാധ്യത ആരായുകയുണ്ടായി. എങ്കിലും തുടർന്നു ചെയ്ത യുദ്ധസന്നാഹങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. യരുശലേമിന്റെ ഭൂരിഭാഗവും മുഹമ്മദീയരുടെ കൈവശാവകാശത്തിൽ വരികയും ചെയ്തു.

# കുരിശുയുദ്ധങ്ങൾ കൊണ്ട് എന്ത് നേടി?

5-ാം പേജ് തുടർച്ച

കോൺറാഡിനാൽ സ്ഥാപിതമായ ട്യൂട്ടോണിക്കു യോദ്ധാക്കളുടെ ക്രമം, എ.ഡി. 1202-ൽ ലിവോനിയയിലെ ആൾബർട്ട് ആരംഭിച്ച വാളിന്റെ യോദ്ധാക്കളുടെ ക്രമം, വി. തോമസ് ബക്കറ്റിന്റെ ഇംഗ്ലീഷ് യോദ്ധാക്കളുടെ ക്രമം, സ്പെയിനിൽ സംഘടിപ്പിച്ച മിലിട്ടറി ക്രമങ്ങൾ എന്നിവ ചില ഉദാഹരണങ്ങളാണ്.24

കുരിശുയുദ്ധങ്ങൾ പ്രത്യേക ലക്ഷ്യപ്രാപ്തിക്കായുള്ള പോരാട്ടങ്ങളായിട്ടാണല്ലോ ആരംഭിച്ചത്. എന്നാൽ കാലങ്ങൾ കടന്നപ്പോൾ പൂർവ്വകാല ഉദ്ദേശ്യശുദ്ധിയിൽ മാറ്റം സംഭവിച്ചു. ഫലമോ കുരിശുയുദ്ധങ്ങൾ പലതും ഫലരഹിതമായിത്തീർന്നു. കാര്യകാരണങ്ങളുടെ വിവേകപൂർവമായ അപഗ്രഥനം കൂടാതെ മൂല ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ചാൽ ഇച്ഛിക്കാത്ത അനർത്ഥങ്ങളായിരിക്കും ഫലമെന്നതു കുരിശുയുദ്ധങ്ങളുടെ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

***Foot Notes***

1. B.J. Kidd, (e.j.) *Documents Illustrative of the History of the Church*, Vol. III, pp. 137-138
2. Zoe Oldenbourg, The Crusades, p. 55.
3. B.J. Kidd, (ed.). op. cit; p. 139.
4. M.L. Vath, *Visualized Church History*, p. 112.
5. Loc. cit.
6. Ibid.
7. Ibid Or മാർ അപ്രേം & റ്റി.പി. ഏബ്രഹാം. (ed.), *സഭാചരിത്ര നിഘണ്ടു* p. 78
8. Ibid.
9. M. Deanesly, *A History of the Medieval Church* 590-1500, pp. 116-117.
10. കാണുക. റ്റി.പി. ഏബ്രഹാം, *ക്രൈസ്തവസഭ ചരിത്രവും സാക്ഷ്യവും, ആദ്യ നൂറ്റാണ്ടുകളിൽ* Vol. I, pp. 98-100
11. *ഇന്റർഡിക്ട്.* റോമൻ കാത്തോലിക്കാ സഭയിലെ സഭാപരമായ ഒരു ശിക്ഷണക്രമമാണിത്. ആത്മീയ കാര്യങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നു വിശ്വാസികൾക്ക് ഇതിനാൽ വിലക്ക് ഏർപ്പെടുത്തുന്നു. എന്നാൽ സഭയുമായുള്ള ബന്ധത്തിന് ഉടവു തട്ടുന്നില്ല. പ്രസ്തുത ശിക്ഷാക്രമം പലവിധത്തിൽ നടപ്പിലാക്കിയിരുന്നു. വ്യക്തികൾക്കോ, പ്രാദേശിക സ്ഥലങ്ങൾക്കോ, ഒരു ഡിസ്ട്രിക്റ്റിനു മൊത്തമായോ ഡിസ്ട്രിക്റ്റിന്റെ ചില ഭാഗങ്ങൾക്കു മാത്രമായോ ഈ ശിക്ഷാ ക്രമം ഉപയോഗിച്ചതായി കാണാം. കൂടുതൽ വിവരങ്ങൾ കാണുക. F.L. Cross, (ed). *The Oxford Dictionary of the Christian Church* p. 708.
   *ഇൻക്വിസിഷൻ.* ഇത് പ്രത്യേക സഭാകോടതി മുഖേന പാഷാണ്ഡതയ്ക്ക് നിയമപരമായി നല്കിയിരുന്ന ശിക്ഷയാണ്. ആദ്യകാലത്തു സഭാഭ്രഷ്ട് പാഷാണ്ഡതയ്ക്കു ശിക്ഷയായി കല്പിച്ചിരുന്നു. ശാരീരിക ദണ്ഡനം നൽകിയിരുന്നില്ല. എന്നാൽ പിന്നീട് ഇതിനു മാറ്റം സംഭവിച്ചു. എ.ഡി. 1232-നു ശേഷം ഈ ശിക്ഷാക്രമം നടപ്പിലാക്കുവാൻ സന്യാസപട്ടക്കാരെയും മറ്റും ഉപയോഗിക്കുകയുണ്ടായി. സ്വത്തു കണ്ടുകെട്ടുക, തടവിലാക്കുക, മരണദണ്ഡന വിധിക്കുക ആദിയായ വിവിധ ശിക്ഷാമുറകൾ ഇതിന്റെ മറവിൽ പില്ക്കാലത്തു നടത്തപ്പെട്ടു. കൂടുതൽ വിവരങ്ങൾ കാണുക. Ibid, pp. 705-706
12. കൂടുതൽ വിവരങ്ങൾ കാണുക. M. Deanesly, op, cit; pp. 116-118 Or മാർ അപ്രേം & റ്റി.പി. ഏബ്രഹാം, (ed.), op. cit; pp. 35, 69.
13. ഹാമെലിനിലെ പൈഡ് പൈപ്പറി(Pied Piper of Hamelin) ന്റെ കഥ ഈ ചരിത്രസംഭവത്താൽ സ്വാധീനം ചെയ്യപ്പെട്ടതല്ലേയെന്ന അനുമാനം എത്രത്തോളം സത്യമെന്നു പറയുക എളുപ്പമല്ല. കാണുക, മാർ അപ്രേം റ്റി.പി. ഏബ്രഹാം, (ed.), op. cit; p. 78. ഹാമെലിനിലെ പൈഡ് പൈപ്പറിന്റെ കഥ മദ്ധ്യനൂറ്റാണ്ടിലെ ഒരു ഐതിഹ്യമാണ്. ഹാമെലിൻ എന്ന നഗരം ഒരിക്കൽ എലികളാൽ ബാധിക്കപ്പെട്ടു. ഈ കഥയിലെ കഥാനായകൻ തന്റെ കുഴൽ ഊതി എലികളെ ആകർഷിച്ചു. കുഴൽ ഊതി മുമ്പിൽ നടന്ന തന്റെ പിന്നാലെ നൂറുകണക്കിനു വന്ന എലികൾ നദിയിൽ വീണു ചത്തൊടുങ്ങി. അങ്ങനെ നഗരം എലികളുടെ ശല്യത്തിൽ നിന്നു വിമുക്തമായി. പക്ഷേ തനിക്കു ലഭിക്കേണ്ടുന്ന പ്രതിഫലം ലഭിക്കാത്തതിൽ കുപിതനായ കുഴലൂത്തുകാരൻ ഒരിക്കൽകൂടി തന്റെ കുഴൽ എടുത്ത് ഊതി. കുഴലിന്റെ നാദത്താൽ ആകൃഷ്ടരായ പട്ടണത്തിലെ കുട്ടികൾ കുഴലൂത്തുകാരാന്റെ പിന്നാലെ പോയി. അവരെ തടയുവാൻ ആർക്കും കഴിഞ്ഞില്ല. കൂഴലൂത്തുകാരനൊപ്പം ഒരു മലമുകളിൽ എത്തിച്ചേർന്ന കുഞ്ഞുങ്ങൾ അവിടെ അപ്രത്യക്ഷരായി. അങ്ങനെ പട്ടണവാസികൾക്കു തങ്ങളുടെ കുഞ്ഞുങ്ങൾ എന്നന്നേക്കുമായി നഷ്ടമായി.
14. Will Durant, *The Story of Civilization*, Part IV, p. 606.
15. M.L. Vath, op. cit; p. 113
16. Ibid. 17. Ibid 18. Ibid.
19. അദ്ധ്യായം അഞ്ച് കാണുക.
20. I, II, III, IV എന്നിവ റോമൻ സംഖ്യാക്ഷരങ്ങളും 1, 2, 3, 4 ആദിയായവ അറബിക്ക് സംഖ്യാക്ഷരങ്ങളും ആണ്.
21. ഈ ക്രമത്തിന്റെ സ്ഥാപനവർഷം ചില രേഖകളിൽ വ്യത്യസ്തമായി കാണുന്നു. ഉദാ. എ.ഡി. 1038, 1092 കാണുക. Andre Lagarde. *The Latin Church in the Middle Ages*, p. 111; C.P.S Clarke, *Short History of the Christian Church*, p. 192.
22. ആധുനിക കാലത്ത് ആംബുലൻസ് പ്രവർത്തനരംഗത്ത് സ്വീകരിച്ചിരിക്കുന്ന ചുവന്ന കുരിശിന്റെ അടയാളം ടെമ്പിളാഴ്സ് ക്രമത്തിലെ യോദ്ധാക്കളുടെ കുപ്പായത്തിൽ അംഗീകൃത ചിഹ്നമായി കാണപ്പെട്ട ചുവന്ന കുരിശിന്റെ അനുകരണമാണ്.
23. Andre Lagarde, op. cit; p. 114.
24. കൂടുതൽ വിവരങ്ങൾ കാണുക. M. Deanesly, op. cit; pp. 111-113


## ഹാലേലൂയ്യാ
## ടെലിഫോൺ ഡയറക്ടറി 2012

- കഴിഞ്ഞ 11 വർഷമായി പ്രസിദ്ധീകരിച്ചു വരുന്ന ഹാലേലൂയ്യാ ടെലിഫോൺ ഡയറക്ടറി കൂടുതൽ പുതുമകളോടെ തയ്യാറാക്കുന്നു.
- 12-ാമത് എഡിഷൻ 500-ൽ അധികം പേജുകളുമായി ഡിസംബർ അവസാനവാരം പുറത്തിറങ്ങുന്നു.
- ഹൂ ഈസ് ഹൂ വിഭാഗവും യെല്ലോ പേജും സമഗ്രമായി പരിഷ്കരിക്കുന്നു.
- ഓരോ പട്ടണത്തിലെയും പ്രമുഖ സഭകളിൽ എത്തിച്ചേരുവാനുള്ള വഴി/ഫോൺ നമ്പർ തുടങ്ങിയവയും ഉൾപ്പെടുത്തുന്നു.

### യെല്ലോ പേജിൽ ഫോൺ നമ്പരുകൾ സൗജന്യമായി ഉൾപ്പെടുത്തുന്നു

താഴെപ്പറയുന്ന വിഭാഗങ്ങളിൽപെടുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും വിലാസവും ഫോൺനമ്പരും സൗജന്യമായി ഈ ഡയറക്ടറിയിൽ ഉൾപ്പെടുത്തുന്നു. താങ്കൾ ഇതിൽ ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുന്നെങ്കിൽ പൂർണ്ണ വിലാസവും ഏതു വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്നതും എഴുതി അയക്കുക.

സഭാ പ്രസ്ഥാനങ്ങൾ/സഭാ ഓഫീസുകൾ/സഭാ നേതാക്കൾ/സഭാ കൗൺസിൽ ഭാരവാഹികൾ/സഭാ കൗൺസിൽ അംഗങ്ങൾ/യുവജനപ്രസ്ഥാന ഭാരവാഹികൾ/പ്രസംഗകർ/എഴുത്തുകാർ/ഗായകർ/സംഗീത ഗ്രൂപ്പുകൾ/ബൈബിൾ കോളജുകൾ/ബൈബിൾ കോളജ് അദ്ധ്യാപകർ/പ്രവാചകന്മാർ/കൗൺസിലർമാർ/കൗൺസിലിംഗ് സ്ഥാപനങ്ങൾ/ഓർഫനേജ്/ബിസിനസ് സ്ഥാപനങ്ങൾ/മിനിസ്ട്രികൾ/രാഷ്ട്രീയ പ്രവർത്തകർ/മീഡിയ പ്രവർത്തകർ/പ്രസിദ്ധീകരണങ്ങൾ/കലാകാരന്മാർ/സെന്റർ പാസ്റ്റർമാർ/ഡിസ്ട്രിക്റ്റ് പാസ്റ്റർമാർ.

### ഹൂ ഈസ് ഹൂ

പെന്തെക്കോസ്തു സമൂഹങ്ങളിൽ വിവിധ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളുടെ ഫോട്ടോയും ലഘുജീവചരിത്രവും ഇതിൽ ഉൾപ്പെടുത്തുന്നു. മൾട്ടികളറിൽ പ്രിന്റ് ചെയ്യുന്ന ഈ വിഭാഗത്തിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് 750 രൂപയാണ് ചാർജ്. തൊട്ടപ്പുറത്തുള്ള ഫോമിലെ വിവരങ്ങൾ എഴുതി അയച്ചു തരികയോ, താഴെക്കാണുന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക.

### ലോക്കൽ സഭകളിൽ എത്തുവാനുള്ള വഴി

കേരളത്തിലെ പട്ടണങ്ങളിലെ ലോക്കൽ സഭകളിൽ എത്തിച്ചേരുവാനുള്ള വഴി - ഈ ഡയറക്ടറിയിൽ സൗജന്യമായി ഉൾപ്പെടുത്തുന്നു. നിങ്ങളുടെ സഭയുടെ വഴി എഴുതി അയക്കുക.

### പരസ്യങ്ങൾ

പെന്തെക്കോസ്ത് സമൂഹത്തിലെ ഏക ടെലിഫോൺ ഡയറക്ടറിയാണ് ഹാലേലൂയ്യാ ഡയറക്ടറി. ഒരു വർഷം മുഴുവൻ ഉപയോഗിക്കപ്പെടുന്ന ഈ ഡയറക്ടറിയിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് നിങ്ങൾക്ക് ഏറെ പ്രയോജനമായിരിക്കും.

| പരസ്യ നിരക്ക് | Colour | B&W |
|---|---|---|
| Front Cover (8cm x 17cm) | 30,000 | -- |
| Front Cover Flap (36cm x 26cm) | 35,000 | -- |
| Back Cover (23cm x 17cm) | 35,000 | -- |
| Cover Inside (23cm x 17cm) | 25,000 | -- |
| Full Page (23cm x 17cm) | 8,000 | 5,000 |
| Half Page (11cm x 17cm) | 5,000 | 3,000 |
| Quarter Page (6cm x 17cm) | 3,000 | 1,500 |
| Minimum/Strip (6cmx8cm/3cmx11cm) | | 900 |

### ഹൂ ഈസ് ഹൂ ഫോം

പാസ്പോർട്ട് സൈസ് കളർ ഫോട്ടോ പതിപ്പിക്കുക

പേര് ..................................................

വയസ് .................... ജനനതീയതി ....................

പൂർണ്ണ വിലാസം ..................................................

..................................................

ജില്ല .................... സംസ്ഥാനം .................... പിൻകോഡ് ....................

എസ്.ടി.ഡി.കോഡ് & ഫോൺ നമ്പർ ..................................................

മൊബൈൽ .................... ഇ-മെയിൽ ....................

ജന്മദേശം .................... കുടുംബപേര് ....................

പിതാവിന്റെ പേര് .................... മാതാവിന്റെ പേര് ....................

ഭാര്യയുടെ പേര് .................... മക്കളുടെ പേര് 1. ....................

2. .................... 3. ....................

ഉൾപ്പെട്ടു നിൽക്കുന്ന സഭ ..................................................

ഇപ്പോൾ താമസിക്കുന്ന സ്ഥലം .................... ഇവിടെ എത്ര വർഷമായി താമസിക്കുന്നു ....................

പ്രവർത്തന മേഖല/ബിസിനസ്/ജോലി/ശുശ്രൂഷ ..................................................

സഭാശുശ്രൂഷകനാണെങ്കിൽ പ്രവർത്തിച്ച സ്ഥലങ്ങൾ ..................................................

ഇപ്പോൾ ശുശ്രൂഷിക്കുന്ന സഭ ..................................................

വിദ്യാഭ്യാസവും പഠിച്ച സ്ഥാപനവും (സെക്കുലർ/ബിബ്ലിക്കൽ) ..................................................

ഏതെങ്കിലും പ്രസ്ഥാനങ്ങളുടെയോ സഭയുടെയോ ഔദ്യോഗിക പദവികൾ ഉണ്ടെങ്കിൽ എഴുതുക ....................

..................................................

മുൻപ് വഹിച്ചിട്ടുള്ള പ്രധാന പദവികൾ ..................................................

..................................................

വ്യക്തിപരമായ മറ്റ് നേട്ടങ്ങളോ പുരസ്കാരങ്ങളോ അവാർഡുകളോ മറ്റെന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ എഴുതുക

..................................................

കൃപാവരങ്ങൾ/മറ്റെന്തെങ്കിലും വ്യക്തിപരമായ കഴിവുകൾ ഉണ്ടെങ്കിൽ ..................................................

..................................................

പുസ്തകങ്ങൾ/കസറ്റുകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് എഴുതുക ....................

..................................................

(ഈ ഫോം പൂരിപ്പിച്ച് 750 രൂപ സഹിതം താഴെ കാണുന്ന വിലാസത്തിൽ അയച്ചു തരിക)

**HALLELUJAH, P.O BOX 1, THIRUVALLA - 689 101**

**Ph: 0469-3290355, 093495-00155, 0469-2630571, E-mail: hallelujahnews@gmail.com**



മാത്യു പാലത്തുങ്കൽ

**പ്രസംഗം ഒരു ദൈവിക ശുശ്രൂഷയാണ്. വളരെയേറെ പഠനവും പ്രാർത്ഥനയും ഇതിനാവശ്യമാണ്. ക്രിസ്തീയ ശുശ്രൂഷകർക്കായി പ്രസംഗത്തിന്റെ മാതൃകാ കുറിപ്പുകൾ**

## 1 ദൈവിക ദർശനം

**യെശയ്യാവ് 6**

ഉസ്സിയാവ് ഒരു നല്ല രാജാവായിരുന്നു. തന്റെ അന്ത്യസമയത്ത് നിഗളം കടന്നുവന്നുവെങ്കിലും അതുവരെ നന്നായി ദൈവത്തെ സേവിച്ചിരുന്നു. യെശയ്യാവിന്റെ സ്നേഹിതനായിരുന്നു ഉസ്സിയാവ് എന്നു വിചാരിക്കുന്നതിൽ തെറ്റില്ല. രാജകൊട്ടാരത്തിൽ യെശയ്യാവിന് ഏതു നിമിഷവും കടന്നുചെല്ലാമായിരുന്നു. രാജാവിന്റെ പിന്തുണയോടുകൂടി യെശയ്യാവ് ദേശത്തിലെ തിന്മകൾക്കെതിരെ ശക്തിയായി പ്രവചിച്ചു. എന്നാൽ വളരെപ്പെട്ടെന്ന് അന്തരീക്ഷം മാറി. ഉസ്സിയാവ് മരിച്ചു. യെശയ്യാവിന്റെ വലംകൈ നഷ്ടപ്പെട്ടു. ഇനിയെന്ത് എന്ന ചോദ്യം യെശയ്യാവിനെ അലട്ടുവാൻ തുടങ്ങി. യോഥാം തന്റെ ശുശ്രൂഷയ്ക്ക് അനുകൂലമായിരിക്കുമോ? ഈ സാഹചര്യത്തിലാണ് ദൈവം യെശയ്യാവിനെ ഈ ദർശനം നൽകുന്നത്.

**1. തന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കാൻ ദൈവം സാഹചര്യങ്ങളെ ഉപയോഗിക്കുന്നു.**

"കർത്താവ് സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു" (6:1). ഭൂമിയിലെ ആശ്രയം ഇല്ലാതായപ്പോഴാണ് യെശയ്യാവ് ഉയരത്തിലേക്കു നോക്കിയത്. ദൈവം സാഹചര്യങ്ങൾ ഒരുക്കി ഉയരത്തിലേക്കു നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദൈവം തന്റെ വേദനയിൽ പങ്കുചേരുമെന്നും തന്നെ ആശ്വസിപ്പിക്കുമെന്നും അവൻ വിചാരിച്ചു. എന്നാൽ അവൻ കണ്ടതെന്താണ്? കർത്താവ് സിംഹാസനത്തിൽ "ഇരിക്കുന്നു". യെശയ്യാവിന്റെ ദുഃഖസ്ഥിതി കണ്ട് എഴുന്നേറ്റു നിൽക്കുകയായിരുന്നില്ല. പ്രശ്നങ്ങൾ നമുക്കാണ്. എന്നാൽ സ്വർഗ്ഗത്തിൽ സകലവും ശാന്തം. സാറാഫുകൾ സാധാരണ പോലെ ദൈവത്തെ സ്തുതിക്കുന്നു.

**2. നമ്മുടെ ആവശ്യം എന്തെന്ന് ബോധ്യപ്പെടുത്താൻ ദൈവം തന്റെ സ്വഭാവം നമുക്ക് വെളിപ്പെടുത്തി തരുന്നു.**

നാം എന്തു ചെയ്യേണം എന്നു പറയുന്നതിനുമുമ്പ് താൻ ആരാണെന്ന് നമുക്കു വെളിപ്പെടുത്തിത്തരുന്നു. ബാക്കിയെല്ലാം അതിനു പിന്നാലെ വരുന്നതാണ്. "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ... പരിശുദ്ധൻ" എന്ന് സാറാഫുകൾ ആർക്കുമ്പോൾ, യെശയ്യാവ് വിലപിക്കുന്നു, "എനിക്ക് അയ്യോ കഷ്ടം... ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ" (6:5). സ്വന്ത അവസ്ഥ മനസ്സിലാക്കിയ പ്രവാചകന്റെ അധരങ്ങളെ ദൈവം ശുദ്ധീകരിക്കുന്നു. ഇനി അവന് ദൈവശബ്ദം കേൾക്കാം.

**3. നാം പ്രയോജനമുള്ളവരാണെന്നറിയുവാൻ ദൈവം നമുക്ക് പ്രത്യാശ നൽകുന്നു.**

അവന്റെ അധരത്തെ ശുദ്ധീകരിച്ച ശേഷം ദൈവം കാര്യത്തിലേക്കു കടക്കുന്നു "ഞാൻ ആരെ അയക്കേണ്ടു, ആർ നമുക്കുവേണ്ടി പോകും?" (6:8). "അടിയൻ ഇതാ" യെശയ്യാവ് സമർപ്പിച്ചു. ദൈവം ശുശ്രൂഷയ്ക്കുവേണ്ടി നമ്മെ നിർബന്ധിക്കുന്നില്ല. എന്നാൽ നമുക്ക് പുതുജീവിതം തന്നിട്ട് നമ്മുടെ സമർപ്പണം അന്വേഷിക്കുന്നു. സ്വമേധയാ തയ്യാറാവണമെന്നവൻ ആഗ്രഹിക്കുന്നു.

**4. ദൈവം ദർശനത്തെ വിശാലമാക്കുന്നു**

യരുശലേമിന്റെ വർത്തമാനകാലത്തിൽ ഒതുങ്ങി നിൽക്കുന്ന ശുശ്രൂഷയല്ല ഇനി അവനുള്ളത്. അവന്റെ ദർശനത്തെ അയൽ രാജ്യങ്ങളിലേക്കും ഭാവികാല സംഭവങ്ങളിലേക്കും ദൈവം വിശാലമാക്കുന്നു (6:10–11).

**5. ശുശ്രൂഷയുടെ യഥാർത്ഥ അവസ്ഥ ദൈവം വെളിപ്പെടുത്തുന്നു**

ശുശ്രൂഷയിൽ പട്ടുമെത്തയുടെ അനുഭവമല്ല എന്ന് ദൈവം വിശദീകരിക്കുന്നു. ന്യായവിധിയാണ് പ്രസംഗിക്കേണ്ടത് (6:11–13). പ്രസംഗത്തെ ആളുകൾ അംഗീകരിക്കയില്ല; പ്രസംഗകൻ പീഡിപ്പിക്കപ്പെടും. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ കേഴ്വിക്കാർ വീണുമരിക്കുന്ന സാഹചര്യം ഇവിടെ വെളിപ്പെടുത്തുന്നു. ദേവാലയം വിട്ടുവന്ന യെശയ്യാവ് പുതിയൊരാളായിക്കഴിഞ്ഞിരുന്നു.

## 2 ഭയപ്പെടേണ്ടാ

**യെശയ്യാവ് 54:4**

ഒരിക്കൽ ഒരു തീർത്ഥാടകൻ വഴിയിൽ വെച്ച് പകർച്ച വ്യാധിയെ കണ്ടുമുട്ടി. 'നീയെവിടെപ്പോകുന്നു?' തീർത്ഥാടകൻ തിരക്കി. 'ഞാൻ ബാഗ്ദാദിലേക്ക് അയ്യായിരം പേരെ കൊല്ലുവാൻ പോകുന്നു' പകർച്ച വ്യാധി പറഞ്ഞു. ചില നാളുകൾക്കു ശേഷം അവർ വീണ്ടും കണ്ടുമുട്ടി. 'നീ അയ്യായിരത്തിനു പകരം അമ്പതിനായിരത്തെ കൊന്നുകളഞ്ഞല്ലോ?' തീർത്ഥാടകൻ പകർച്ചവ്യാധിയെ കുറ്റപ്പെടുത്തി.

'അതിനു ഞാനുത്തരവാദിയല്ല' പകർച്ചവ്യാധി മറുപടി പറഞ്ഞു. 'അയ്യായിരത്തെ മാത്രമെ ഞാൻ കൊന്നുള്ളു. ബാക്കിയുള്ളവർ ഭയം കൊണ്ടു മരിച്ചതാണ്.'

മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവാണ് ഭയം. അതുകൊണ്ട് തന്നെ ദൈവം മനുഷ്യനെ കൂടെക്കൂടെ ധൈര്യപ്പെടുത്തുന്നുണ്ട്. വേദപുസ്തകത്തിൽ 365 പ്രാവശ്യം ഭയപ്പെടേണ്ടാ എന്നു പറഞ്ഞിരിക്കുന്നതായി ചിലർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇവിടെ ഭയപ്പെടേണ്ടാ എന്നു പറയുന്നതിന്റെ കാരണം താഴെപ്പറയുന്നവയാണ്.

**1. നീ ലജ്ജിച്ചു പോകയില്ല (വാ. 4)**. കർത്താവിലുള്ള വിശ്വാസം അടിയുറച്ചതാണ്. അവൻ നമ്മെ ലജ്ജിപ്പിക്കുകയില്ല (1 പത്രൊ. 2:6; യെശ. 28:16)

**2. അവൻ നിന്റെ വീണ്ടെടുപ്പുകാരനാണ് (വാ. 5)**. ദൈവവുമായി മൂന്നുവിധ ബന്ധമാണ് നമുക്കുള്ളത്. അവൻ നമ്മെ സൃഷ്ടിച്ചു, അവൻ നമ്മെ വീണ്ടെടുത്തു, നമ്മെ മണവാട്ടിയാക്കി തുല്യപദവി തന്നു (എഫെ. 5:25).

**3. ഞാൻ നിന്നെ ചേർത്തു കൊള്ളും (വാ. 7)**. അനുസരണക്കേടിനാൽ നമ്മോടു കോപിച്ചാലും പിന്നെയും കരുണയോടെ ചേർത്തു കൊള്ളുന്നവനാണ് നമ്മുടെ കർത്താവ്.

**4. ഞാൻ നിത്യ ദയ കാണിക്കും (വാ. 8,10)**. നമ്മോടുള്ള അവന്റെ ദയ താൽക്കാലികമല്ല, നിത്യമാണ്.

**5. നിനക്കെതിരായി ഉണ്ടാക്കുന്ന ആയുധങ്ങൾ ഫലിക്കയില്ല (വാ. 17)**. പാതാള ഗോപുരങ്ങൾക്ക് നമ്മെ ജയിക്കാനാവില്ല. സർവ്വശക്തൻ നമ്മുടെ സങ്കേതമാണ്. ശത്രുവിന്റെ ആയുധങ്ങൾ എത്ര ശക്തമായാലും അവയെ തകർക്കുവാൻ ദൈവശക്തിക്കു കഴിയും.

**ചിരിയുംകാര്യവും**

# പാറ്റയ്ക്ക് എങ്ങനെ വിട്ടിലാകാം?



ഡോ. ജോർജ് സാമുവൽ

പല അന്തർദ്ദേശീയ സമ്മേളനങ്ങളിൽ വിവിധ രാജ്യക്കാർ ഒരുമിച്ചു കൂടാറുള്ളതുപോലെ അനേകരാജ്യങ്ങളിലെ പാറ്റകളുടെ (cockroaches from all over the world) പ്രതിനിധികൾ ഒരു അന്തർദ്ദേശീയ സമ്മേളനത്തിനായി ഒരുമിച്ചുകൂടിയതാണ് കഥ. അവരുടെ ചിന്താവിഷയം എപ്രകാരമാണ് അവരെ നശിപ്പിക്കുവാൻ മനുഷ്യർ ഉപയോഗിക്കുന്ന മാരകമായ കീടനാശിനിയെ നേരിടേണ്ടതെന്നും, അതിജീവിക്കേണ്ടതെന്നും ആയിരുന്നു. വിവിധ പ്രബന്ധങ്ങൾ ഓരോ രാജ്യക്കാർ അവതരിപ്പിക്കുകയും ചർച്ചാസമ്മേളനങ്ങളിൽ അവതരിപ്പിച്ച നിർദ്ദേശങ്ങളെ അനുകൂലിച്ചും പ്രതികൂലിച്ചും വാഗ്വാദങ്ങൾ നടക്കുകയുണ്ടായി.

ഏതായാലും സമാപനദിവസമായപ്പോഴേക്ക് അവർ ഒരു പ്രമേയം ഐകകണ്ഠേന പാസാക്കി. പ്രമേയത്തിലെ ഉള്ളടക്കം "പാറ്റകളായ നമ്മെ നശിപ്പിക്കുവാൻ മനുഷ്യന്റെ കീടനാശിനിപ്രയോഗം മണത്തറിഞ്ഞ് നാമെല്ലാവരും വിട്ടിലുകളായി രൂപാന്തരപ്പെട്ട് ചാടി രക്ഷപ്പെടുക" എന്നതായിരുന്നു. ഏകാഭിപ്രായത്തോടുകൂടിയ ഈ നിഗമനത്തിൽ എത്തുവാൻ കഴിഞ്ഞതോർത്ത് പാറ്റകളെല്ലാം അതാത് രാജ്യങ്ങളിലേക്ക് മടങ്ങുന്നതിനു മുമ്പുള്ള യാത്രയയപ്പ് സമ്മേളനത്തിൽ വച്ച് ഇന്ത്യയിലെയോ, പാക്കിസ്ഥാനിലെയോ ഏത് രാജ്യത്തെയാണെന്നറിഞ്ഞില്ല ഈ ഭാഗത്തുനിന്നും പങ്കെടുത്ത ഒരു പാറ്റക്കുഞ്ഞ് എഴുന്നേറ്റ് യോഗാദ്ധ്യക്ഷനോട് ഇപ്രകാരം ചോദിച്ചു: "പ്രമേയം നല്ലതു തന്നെ. എന്നാൽ വിട്ടിലായി രൂപാന്തരപ്പെടുന്നതിനുള്ള ചില മാർഗ്ഗരേഖകൾകൂടി ഞങ്ങൾ മടങ്ങുന്നതിനു മുമ്പ് തന്നുവിടാമോ"? അപ്പോൾ അദ്ധ്യക്ഷന്റെ മറുപടി: "അത് നിങ്ങളുടെ പ്രാദേശിക പ്രശ്നമാണ്; ഈ അന്തർദ്ദേശീയ സമ്മേളനത്തിൽ അതിനായി സമയം പാഴാക്കിയിട്ട് കാര്യമില്ല; ഇത് നയപരമായ തീരുമാനങ്ങൾക്ക് (Policy Decisions) മാത്രമായുള്ള വേദിയല്ലേ."

പ്രായോഗികതലത്തിൽ ചെയതെടുക്കുവാനുള്ള ചോദ്യവുമായി അന്തർദ്ദേശീയ സമ്മേളനത്തെ സമീപിച്ചപ്പോൾ അത് പ്രാദേശിക ഗ്രൂപ്പുകളുടെ പ്രശ്നമെന്ന് ഉഴപ്പിപ്പറഞ്ഞ് യാഥാർത്ഥ്യത്തിൽ നിന്നും പിൻമാറുകയായിരുന്നില്ലേ?

ഇത് സമ്മേളനങ്ങളുടെ കാലമാണെന്ന് തോന്നിപ്പോകുന്നു. സമ്മേളനങ്ങളിൽ നാം അഭിപ്രായരൂപീകരണം നടത്തുന്നത് പലപ്രകാരത്തിലും ഇന്നല്ലെങ്കിൽ നാളെ പ്രയോജനപ്പെടും.

എന്നാൽ സമ്മേളനങ്ങളുടെ അതിപ്രസരംകൊണ്ട് എന്തെങ്കിലും സേവനം ചെയ്തുകൊണ്ടിരുന്നവരെ അതിൽ നിന്നും വിടർത്തി സമ്മേളനപ്രതിനിധികളാക്കി യഥാർത്ഥ സേവനപ്രക്രിയയിൽ നിന്നും വിച്ഛേദിക്കുന്നതുപോലെ തോന്നുന്നു. ഒരിക്കൽ മെച്ചപ്പെട്ടരീതിയിൽ ശുശ്രൂഷകൾ ചെയ്ത ചിലരൊക്കെ കേവലം കോൺഫറൻസുകളിൽ സംബന്ധിക്കുന്നവരായി മാത്രം തീർന്നിരിക്കുകയാണ്.

പ്രായോഗികനിർദ്ദേശങ്ങളും അതാതുസാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് കരണീയമായ ശുശ്രൂഷകളും കണക്കിലെടുത്ത് പരിശീലിപ്പിക്കുവാൻ കോൺഫറൻസുകൾ സഹായമായിരിക്കണം. "എങ്ങനെ ഫലകരമായി ശുശ്രൂഷകൾ നിവർത്തിക്കാം", "എങ്ങനെ പ്രതിബന്ധങ്ങളെ നേരിടാം", "എങ്ങനെ ജനപങ്കാളിത്തം ഉറപ്പാക്കാം" ആദിയായ കാര്യങ്ങളാണ് പ്രാദേശിക കോൺഫറൻസിലോ, അന്തർദ്ദേശീയ കോൺഫറൻസിലോ ലക്ഷ്യം വയ്ക്കേണ്ടത്.

AMEN ONLINE THEOLOGICAL SEMINARY
ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി
C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്
മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം
Accredited by: IACEA, USA & Faith Theological Seminary, Manakkala
Visit us: www.amenseminary.com
Phone: +914734-224616, Mob: 8086680468
AMEN NEWS
ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം
Visit us: www.amennewsreport.com

## സത്യം പബ്ലിക്കേഷൻസിന്റെ

# അക്ഷരഖനി



*5000 ച. അടി വിസ്തീർണ്ണത്തിൽ അതിവിശാലമായ പുസ്തകശാല*

**5% മുതൽ 70% വരെ വിലക്കിഴിവ്**



**സത്യകൂടാരം, തിരുവല്ല**

യാത്രാമദ്ധ്യേ ലഭിച്ച ഒരു ലഘുലേഖ എന്റെ ജീവിതം മാറ്റിമറിച്ചു. വായനയുടെ ലോകം! അത്ഭുതലോകം! അക്ഷരത്തിലൂടെ ആത്മാക്കൾ എന്ന ലക്ഷ്യം എനിക്ക് ദിശാബോധം നല്കി. വായനയുടെ ലോകത്തേക്ക് വിനയത്തോടെ സ്വാഗതം ചെയ്യുന്നു. പുസ്തകം വില കൊടുത്ത് വാങ്ങണമെന്നില്ല. അക്ഷരഖനിയിൽ വന്നിരുന്ന് വായിക്കമാത്രം ചെയ്യൂ.

സ്നേഹത്തോടെ
ഡോ. സി.വി. വടവന

ക്രൈസ്തവ പുസ്തക പ്രസാധനം ലോക നിലവാരത്തിലെത്തിച്ച സത്യം പബ്ലിക്കേഷൻസിന്റെ ഒന്നാംകിട ഗ്രന്ഥങ്ങൾക്കൊപ്പം ലോകമെമ്പാടുമുള്ള വിദേശ പ്രസാധകരുടെ പുസ്തകങ്ങളും വമ്പിച്ച ആദായനിരക്കിൽ ഇവിടെ നിങ്ങൾക്ക് വാങ്ങാം. ബൈബിൾ സാഹിത്യത്തിന്റേയും വിജ്ഞാനത്തിന്റേയും സർവ്വമണ്ഡലവും ഉൾക്കൊള്ളുന്ന വമ്പിച്ച ശേഖരം.

- വിവിധതരം ബൈബിളുകൾ,
- സി.ഡി.കൾ, കാസറ്റുകൾ,
- ബൈബിൾ ഡിക്ഷ്ണറി,
- ഭാഷ്യങ്ങൾ, കമന്ററികൾ, വാക്യബോർഡുകൾ,
- വിവാഹ സമ്മാനങ്ങൾ,
- കർതൃമേശ സാധനങ്ങൾ, സ്തോത്രകാഴ്ച സഞ്ചികൾ,
- വീഡിയോ കാസറ്റുകൾ, സ്റ്റിക്കറുകൾ, വ്യത്യസ്ത ഗ്രന്ഥങ്ങൾ.

VIP
ബുക്ക് ക്ലബ്
അംഗങ്ങൾക്ക്
പ്രത്യേക
വിലക്കിഴിവ്

## Sathyam Publications

the truth shall make you free
SATHYAM MINISTRIES
SLS

Thottabhagom P.O, Thiruvalla - 689 541,
Kerala, S. India.
Tele/Fax: 0469 - 2619657, 2619209, 2619005
Mobile: 9447126182, 9446026182
E-Mail: satyam_india@yahoo.com,
office@truthintl.org,
Website: www.truthintl.org

**www.maruppachapathram.com**

# MATRIMONIALS


**വിവാഹ പരസ്യങ്ങൾക്ക് 500 രൂപ**

**പരസ്യങ്ങൾ ടെലിഫോണിലും സ്വീകരിക്കും**
**ഫോൺ: 0469 - 2634321**

**e-mail: maruppacha@yahoo.com**

**വിലാസം : MATRIMONIALS, MARUPPACHA, TIRUVALLA -1**
**'MARUPPACHA' യുടെ പേരിൽ ഡി.ഡി എടുക്കുക**
**വിവാഹ പരസ്യങ്ങൾ സൗജന്യമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും**


പെന്തെക്കോസ്തു യുവാവ്, 25, 5' 5", SSLC Pass. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട യുവതികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**04735 241220**
**9495661305.**

Seeking suitable match for US born Keralite female, practicing attorney, JD, godly Christian with excellent character from a well known Pentecostal family settled in the US, 5'5", attractive, born 12/80. Respond to **tmathew1012@sbcglobal.net** or Ph: **918 625 5243.**

പെന്തെക്കോസ്ത് യുവതി (28 വയസ്സ്, 5'3", B.Com & Diploma in Computer financial Management (DCFM), ചർച്ച് ഓഫീസിൽ പ്രവർത്തിക്കയും, യുവജനങ്ങളുടെ ഇടയിൽ സുവിശേഷീകരണവും, പ്രയർസെല്ലിൽ നേതൃത്വം കൊടുക്കയും) അനുയോജ്യരായ പെന്തെക്കോസ്ത്യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**0471 2352062, 9495270667**

Marriage proposals invited for a Christian, Born-again, 36yrs, 152cms, U.S citizen, Registered Nurse settled in New York. She is very loving, beautiful, slim, very fair, and looks very young. Although her marriage did not succeed but it has taught her the importance of God as the 3rd cord that binds together the marriage. She has now become a strong believer and is actively involved in church, youth ministries. Seeking proposals from Professionally Qualified ,Christian ,Born-again, God-fearing Gentlemen. If interested, please email your details and photographs.
**christianviews@yahoo.com**
**1-2675067699 (U.S)**


vist
www.maruppachapathram.com
www.marupacha.com


പെന്തെക്കോസ്ത് സഭാ ശുശ്രൂഷകൻ, 26, 5'9", വെളുത്തനിറം, സുവിശേഷ വേലയിൽ സമർപ്പണം ഉള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**0469 2656117,**
**9947962086**

Brethren parents inviting proposals for their only son 26 yrs, B.Tech in Electronics, working in MNC + Managing partner of a business firm. We are seeking a born again baptized girl below 23 yrs with good spiritual and family background. (Nurses excuse) Please mail full details to.
**proposaljame@yahoo.com**

വീണ്ടും ജനനം പ്രാപിച്ച യുവാവ് 31, 165 cm കുവൈറ്റ് ഓയിൽ കമ്പനിയിൽ ജോലി ചെയ്യുന്നു. നവംബർ അവസാനം നാട്ടിൽ വരുന്നു. കുവൈറ്റിൽ ജോലി ചെയ്യുന്ന Bsc നേഴ്സുമാരുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9048278749, 9446878287**

Pentecostal parents inviting proposals for their son ( 28 / 172 ) Bcom ,MBA. now working as Accountant in Doha , Qatar .We are looking for a born again, baptized and qualified girl with spiritual and moral values from middle class family .( preferable Nurses from Qatar ). If interested respond with details and photograph to ,
**blisvld@gmail.com**
**Mob.9496186377**

Proposals invited from Pentecostal Parents of well qualified and employed boys for a syrian pentecostal girl, physiotherapist in Saudi, 33, 5.5".
**0755 2416186**
**09993037312**
**9656225093**

Brother in US invite proposal for Pentecostal Youth 37 / 175 cm /B.Tech. Fair & Handsome. Working as a software engineer, also a business partner from Born again, baptized Girls. India/ abroad.respond with details & Photo
**kumbanadboy@yahoo.com**
**001 267 5067699,**
**9847 343323**

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും വിശ്വാസത്തിലേക്കു കടന്നുവന്ന ആത്മികനായ യുവാവ് (39 വയസ്സ് 5 അടി 7 ഇഞ്ച്) REC യിൽ നിന്നും B.E (Mechanical Engineering) പാസ്സായി ഇപ്പോൾ ഹൈദ്രാബാദിൽ Procurement Consultancy യിൽ ജോലി ചെയ്യുന്നു. ആത്മീകരായ വിദ്യാഭ്യാസമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.
**Ph: 0469 - 2548837,**
**09885376715,**
**sreerajsreesadan@gmail.com**

ദുബായിൽ ബാങ്കിൽ ജോലിയുള്ള പെന്തെക്കോസ്തു യുവാവ് 29 വയസ് 165 cm, BA, IATA. ഡിസംബർ അവസാനം നാട്ടിൽ വരുന്നു. സ്വദേശത്തോ, വിദേശത്തോ ഉള്ള പെന്തെക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. BSc Nurse, MBA-കാർക്ക് മുൻഗണന. Family status ഉണ്ട്
**9947069640,**
**00971-50-3426942**
**00971-55-4518717**
**binuorientt@gmail.com**




പെന്തെക്കോസ്ത് യുവതി GNM, ഡൽഹിയിൽ ജോലി, 25 വയസ്സ്, 5' 4" ഇപ്പോൾ നാട്ടിലുണ്ട്. ജോലിയുള്ളവരും രക്ഷിക്കപ്പെട്ട് സ്നാപ്പെട്ട പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**9446912910**

പെന്തെക്കോസ്ത് യുവതി, 27 വയസ്സ്, ഉയരം 5'6" B.Com, MBA Final, HR multination Company Bangalore- ൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**09035191844,**
**0469 2784390**

പെന്തെക്കോസ്ത് യുവതി, 27 വയസ്സ്, ഉയരം 5'6" B.Com, MBA Final, HR multination Company Bangalore- ൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**09035191844,**
**0469 2784390**

പൂനെയിൽ സ്ഥിരതാമസമാക്കിയ പെന്തെക്കോസ്ത് മാതാപിതാക്കളുടെ മകൾ, 26 വയസ്സ്, ഒമാനിൽ Sultan Qaboos University Hospital Staff Nurse. വിദ്യാഭ്യാസയോഗ്യതയുള്ള അനുയോജ്യരായ പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഒമാനിൽ ജോലിയുള്ളവർക്ക് മുൻഗണന. ഫെബ്രുവരി ആദ്യ വാരത്തിൽ നാട്ടിൽ വരും.
**020 27274112,**
**08975229266**

സിഎസ്ഐ യുവതി (ഫെബ്രുവരി/1978) 5' 4", BA & PGDCA. വെളുത്തനിറം, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**0482 2286219,**
**9745053143**

പെന്തെക്കോസ്ത് യുവതി (സാംബവ), 33 വയസ്സ്, ഇരുനിറം, SSLC Fail. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**9645321361**

Pentecostal parents inviting proposal for their daughter 24 years D.B. 87-1-22 height 5'6 she is an enginer. Working in gulf, she filled with spirit and she born and brought up in gulf she is staying with her parents she is coming on vacation on July first week, professionlly qualified boys please contact with recent photo graph.
**elsajohn53@yahoo.com**
**Ph: 9846210091**

പെന്തക്കോസ്ത് യുവതി, ഇരുനിറം, 25 വയസ്സ്, 163 cm, M.S.C B'ed, CBSE School Guest Teacher അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**0474-2450202, 9447161215**

പെന്തെക്കോസ്തു (റ്റി.പി.എം) സിദ്ധനർ ക്രിസ്ത്യൻ യുവതി, 28, 160സെ.മീ., ഇരുനിറം, +2, B.C.A Not Completed, ആയുർവേദ തെറാപ്പിസ്റ്റ് നാട്ടിലോ വിദേശത്തോ ജോലിയുള്ള പെന്തെക്കോസ്തു യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
**9747469082**

## ഹൗസ് പ്ലോട്ടുകൾ വിൽപ്പനയ്ക്ക്

കുമ്പനാട് ഹെബ്രോൻപുരത്തിനു സമീപം (ടി.കെ റോഡിൽ നിന്നും 450 മീറ്റർ മാത്രം) ഹൗസ്പ്ലോട്ടുകൾ കുറഞ്ഞവിലയ്ക്ക് വില്പനയ്ക്ക്.

**ജേക്കബ് ജോൺ**
**09447066979**

## POSH BUNGLOW FOR SALE

എറണാകുളം കളമശേരിയിൽ 2600 Sq. Ft. രണ്ട് നില ബംഗ്ലാവ്, 12.5 സെന്റിൽ Posh ഏരിയായിൽ.

**9847402775, 9747491734**

## കിഴക്കമ്പലം ജംഗ്ഷനിൽ വീടും സ്ഥലവും വില്പനയ്ക്ക്

എറണാകുളത്ത് വീഗാലാന്റിന് സമീപം (2 Km) കിഴക്കമ്പലം ജംഗ്ഷനിൽ 6½ സെന്റ് സ്ഥലം എല്ലാ സൗകര്യങ്ങളോടുംകൂടിയ രണ്ടുനിലവീടും (5 ബെഡ്റൂം) വില്പനയ്ക്ക്.

**9400012926, 0484 2685966**

MARUPPACHA
Planthottam Complex
Tiruvalla - 689 101, Phone: 0469-2634321
www.marupacha.com

R.No.67619/97

# മരുപ്പച്ച

Reg. No. KL/TLA/100/2009-11
License No. KL/TLA/WPP-116/2009-11
Licensed to Post without Prepayment
Posted on 7th December 2011 at RMS Tiruvalla

ഗത്സമന തോട്ടവും,
ഒലിവുമലയും
ഗോൽഗോഥായും
കാണുമ്പോൾ...
ബൈബിൾ സംഭവങ്ങൾ
കെട്ടുകഥകളല്ല...
നൂറുനൂറു ചരിത്ര സ്മാരക
കാഴ്ചകൾ
കാണാൻ അവസരം!



## ജോർദ്ദാൻ > പാലസ്തീൻ > ഇസ്രയേൽ > ഈജിപ്ത് > സീനായ്

# യെരുശലേമിലേക്ക്

▸▸ സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

**മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ നേതൃത്വം നല്കുന്നു.**

## സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

### ഈജിപ്ത്

ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ക്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.

### യിസ്രായേൽ - പാലസ്തീൻ

യെരൂശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ.



രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,

### ഗോൽഗോഥാ, യെരിക്കോ, ബഥനി

ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥെനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ**, യേശു കുരിശും ചുമന്നു പോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

### സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി

ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ.

പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

### ഗലീല തടാകത്തിൽ ബോട്ടു യാത്ര

പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.

### ജോർദ്ദാൻ - നെബോ പർവ്വതം

മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.

▸▸ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.

# MARUPPACHA

**Ph: 0469-2634321,Mob: 9847166994**

Website

**www.maruppachapathram.com**

E-mail

**maruppacha@yahoo.com**



## എല്ലാമാസവും ടൂറുകൾ

## പ്രത്യേകതകൾ...

- ▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം
- ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ
- ▸▸ ഷോപ്പിംഗ് അവസരങ്ങൾ
- ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at Rashtra Deepika for MGM Offset Press, Kottayam, Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.